The amendment moved by Shri K. J. George was, by leave, withdrawn.

The amendment moved by Shri A. A. Rahim was, by leave, withdrawn.

The amendment moved by Shri Cyriac John was, by leave, withdrawn.

The amendment moved by Shri P. Sankar was, by leave, withdrawn.

The amendment moved by Shri S. Thyagarajan was, by leave, withdrawn.

The amendment was moved by Sh i A. N. Yusuf was, by leave, withdrawn.

The amendment moved by Shri T. H. Musthaffa was, by leave, withdrawn.

The resolution moved by Shri N. I. Devassykutty was unanimously adopted.

(ii) സർക്കാർ ഏറ്റെടുത്ത നിക്ഷിപ്ത വനഭൂമിയിൽ കൃഷിയോഗ്യമായ ഭൂമി വിതരണം ചെയ്യുന്നതിനുള്ള അനാസ്ഥ

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്: സർ, താഴെ പറയുന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

"നിയമപ്രകാരം സർക്കാർ ഏറ്റെടുത്തിട്ടുള്ള നിക്ഷിപ്ത വനഭൂമിയിൽ കൃഷിയോഗ്യമായ ഭൂമി വിതരണംചെയ്യുന്ന കാര്യത്തിൽ കാണിക്കുന്ന കുറ്റകരമായ അനാസ്ഥയിൽ ഈ സഭ ശക്തിയായി പ്രതിഷേധിക്കുന്നതോടൊപ്പം ആറുമാസത്തിനകം മുഴുവൻ ഭൂമിയും അർഹരായവർക്ക് പതിച്ചുകൊടുക്കണമെന്ന് തീരുമാനിക്കുകയും ചെയ്യുന്നു.

സർ, ഇത്തരത്തിലുള്ള ഒരു പ്രമേയം അവതരിപ്പിക്കാൻ ഉണ്ടായ കാരണം 1971-ൽ ആണ് ഈ നിയമം ഈ നിയമസഭ പാസ്സാക്കിയത്. ഈ നിയമത്തിന്റെ പേര് കേരളാ ട്രൈബൽ ഫോറസ്റ്റ് വെസ്റ്റിംഗ് ആൻഡ് അസൈൻമെന്റ് ആക്റ്റ് 1971 എന്നാണ്. ഈ ബിൽ ഗവൺമെന്റ് ഏറ്റെടുത്തതിനുശേഷം 1972-ൽ കേരളത്തിലെ വനരാജാക്കൻമാർ ഹൈക്കോടതിയെ സമീപിച്ച് അവർക്ക് അനുകൂലമായ വിധി സമ്പാദിക്കുകയുണ്ടായി. 1973-ൽ കേരള ഗവൺമെന്റ് സുപ്രീം കോടതിയിൽ അപ്പീൽ കൊടുക്കുകയും ആ അപ്പീൽ സ്വീകരിച്ചുകൊണ്ട് 18-9-1973-ൽ സുപ്രീംകോടതി കേരളാ ഗവൺമെന്റിനു അനുകൂലമായ വിധി ഉണ്ടാവുകയും ചെയ്തു. രണ്ട് പ്രധാനമായ സംഗതികൾ ഉണ്ട്. ഈ നിയമത്തിന്റെ 10-ഉം 11-ഉം വകുപ്പുകൾ വളരെ പ്രസക്തമായ വകുപ്പുകളാണ്. 10-ാം വകുപ്പിൽ പറയുന്നത് കൃഷിയോഗ്യമായ ഭൂമി കർഷകർ, കർഷകത്തൊഴിലാളികൾ, ഷെഡ്യൂൾഡ് കാസ്റ്റ്സ്, ഷെഡ്യൂൾഡ് ട്രൈബ്സ്, തൊഴിൽ ഇല്ലാത്തവർ, അതുപോലെതന്നെ കൃഷിചെയ്യാൻ ആഗ്രഹിക്കുന്ന മറ്റ് ആളുകൾ ഇത്തരത്തിലുള്ള ആളുകൾക്കെല്ലാംതന്നെ വിതരണം ചെയ്യുന്ന തരത്തിലാണ് ആ വകുപ്പ് എഴുതിയിട്ടുള്ളത്. അങ്ങനെയാണെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ രാജ്യത്ത് ഉത്പാദനത്തിൽ അഭിവൃദ്ധിയുണ്ടാകും. ഈ ഇനത്തിൽ ആകെ 1,67,000 ഹെക്ടർ ഭൂമിയാണ് ഗവൺമെന്റിന്റെ കൈവശമുള്ളത്. അതിന്റെ അർത്ഥം 4 ലക്ഷത്തിലധികം ഏക്കർ ഭൂമി ഉണ്ടെന്നാണ്. അതുമുഴുവൻ കൃഷിയോഗ്യമായ ഭൂമിയാണ്. ഇത് മേൽപ്പറഞ്ഞ ആളുകൾക്കെല്ലാം വിതരണംചെയ്യേണ്ട ഭൂമിയാണ്. രണ്ട് ഏക്കർ വീതം ഭൂമി വിതരണം നടത്തിയാൽ രണ്ട് ലക്ഷത്തോളം ആളുകൾക്ക് ഈ ഭൂമി വിതരണംചെയ്യാൻ കഴിയും. 11-ാം വകുപ്പാണെങ്കിൽ സുപ്രീംകോടതി ഈ നിയമം ശരിവച്ചുകൊണ്ട് ഉള്ള പ്രഖ്യാപനത്തിൽ പ്രധാനമായും 11-ാം വകുപ്പുപ്രകാരം രണ്ട് കൊല്ലത്തിനുള്ളിൽ എല്ലാ ഭൂമിയും വിതരണം നടത്തണമെന്നുള്ള ഡയറക്ഷനോടുകൂടിയാണ്.

ഈ നിയമം സുപ്രീംകോടതി വിധി വന്നതോടുകൂടി ഫലത്തിൽവന്നു കഴിഞ്ഞു. ആ നിയമം ഫലത്തിൽവന്നുകഴിഞ്ഞിട്ട് 6 കൊല്ലം കഴിഞ്ഞു. 6 കൊല്ലം കഴിഞ്ഞിട്ടും പാവപ്പെട്ട കൃഷിക്കാർക്കും പാവപ്പെട്ട പിന്നോക്ക സമുദായത്തിൽപ്പെട്ട ആളുകൾക്കും ഇതേവരെ വിതരണം ചെയ്തു തുടങ്ങിയിട്ടില്ല. അതിന് ഗവൺമെന്റ് പലപ്പോഴും പലകാരണങ്ങളും പറയാറുണ്ട്. കൃഷിയോഗ്യമായ ഭൂമി അർഹരായ ആളുകൾക്ക് വിതരണം നടത്തുകയാണെങ്കിൽ വമ്പിച്ച ഉൽപാദന വർദ്ധനവുണ്ടാക്കുവാൻ കഴിയും. അവിടെ ഏത് കൃഷി ചെയ്യണമെന്നുള്ളത് പ്രസക്തമല്ല സുപ്രീംകോടതി ഡയറക്ഷൻ അനുസരിച്ച് 2 കൊല്ലത്തിനകം ഇത് നടപ്പിലാക്കേണ്ടതായിരുന്നു. എന്നാൽ ഇന്നും അത് തുടങ്ങിയിട്ടില്ല. അതു കൊണ്ടാണ് ഇത്തരത്തിലുള്ള ഒരു പ്രമേയം ഇപ്പോൾ ഇവിടെ അവതരിപ്പിക്കുവാൻ ഇടയായത്. ഇതിനെക്കുറിച്ച് ഒട്ടനവധി കാരണങ്ങൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും പറയുമായിരിക്കും.

കൈയേറ്റങ്ങളെ സംബന്ധിച്ചുള്ള പ്രശ്നം പലപ്പോഴും ഈ സഭയിൽ സങ്കീർണ്ണമായി വന്നിട്ടുണ്ട്. അടിയന്തിരാവസ്ഥയുടെ കാലഘട്ടത്തിൽ ഗവൺമെന്റ് ഏറെടുത്ത ഭൂമി ഇത്രയും കാലമായിട്ടും പതിച്ചുകൊടുക്കുകയോ അതിനുള്ള നടപടി എടുക്കുകയോ ചെയ്തില്ല. അതിനെക്കുറിച്ച് രണ്ടു കോൺഫറൻസുകൾ കഴിഞ്ഞു. ഇനി മൂന്നാമതൊരു കോൺഫറൻസ് കൂടി കഴിഞ്ഞാലേ ഇതിൻമേലുള്ള നടപടിസ്വീകരിക്കുകയുള്ളോ എന്നറിയുകയില്ല. കയ്യേറ്റം കൊണ്ടുണ്ടാകുന്ന ബുദ്ധിമുട്ട് എന്താണെന്നു വെച്ചാൽ അർഹരായ ആളുകൾക്ക് ഭൂമികിട്ടുന്നില്ലായെന്നുള്ളതാണ്. അപ്പോൾ ഈ നിയമത്തിന്റെ ഉദ്ദേശലക്ഷ്യത്തെ പൊളിക്കുകയാണ് ചെയ്യുന്നത്. ഈ സഭയിൽ ഇത്തരത്തിലുള്ള കൈയേറ്റങ്ങളെ കുറിച്ച് പല സന്ദർഭങ്ങളിലായി പലരും ന്യായീകരിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിൽ പറയുകയാണെങ്കിൽ, കഴിവുള്ള മഹാഭൂരിപക്ഷം ആളുകളാണ് ഇത്തരം കൈയേറ്റം നടത്തുന്നത്. 1-1-1977 മുതൽക്കുള്ള കയ്യേറ്റങ്ങൾ ഗവൺമെന്റ് അംഗീകരിക്കുകയില്ലായെന്നുപറഞ്ഞുകൊണ്ട് ഒരു സർക്കുലർ ഇറക്കിയിട്ടുണ്ട്. ആ സർക്കുലർ വന്നതിനുശേഷം പലരും ഭൂമി കൈയേറിയിട്ട് രണ്ടു കൊല്ലത്തിനു മുൻപ് ഭൂമി കൈയേറി കൃഷി ചെയ്തതാണെന്നു വരുത്തിത്തീർക്കുവാനുള്ള പല പരിശ്രമങ്ങളും നടക്കുന്നുണ്ട്. കൈയേറ്റക്കാരിൽ മഹാഭൂരിപക്ഷവും ധനികൻമാരാണ്; കൈയേറിപ്പിടിച്ച് കുലയാക്കിയ ആളുകളാണ്. നല്ല കൃഷിയോഗ്യമായ സ്ഥലങ്ങളും ഉണ്ടാക്കിയിട്ട് രക്തസാക്ഷികളായി മാറിയ ചില പാവങ്ങളുമുണ്ട്. എല്ലാ ഗവൺമെന്റിന്റെ കാലത്തും പറഞ്ഞിട്ടുള്ളതാണ് ഇത്തരം ഭൂമി സർവ്വേ ചെയ്യുമെന്ന്. എന്നിട്ട് ഇതേവരെ യാതൊരു സർവ്വേയും നടന്നിട്ടില്ല. പ്രത്യേകിച്ചും വനഭൂമി സർവ്വേ ചെയ്തിട്ടില്ല. കൈയേറ്റങ്ങളെ കുറിച്ച് പറയുമ്പോൾ വലിയ വില പിടിപ്പുള്ള മരങ്ങളും അതിൽ ഉൾപ്പെടും.

LIBRARY ARCHIVES Kerala Legislative Assembly

പല നല്ല കാര്യങ്ങളും മറ്റു സംസ്ഥാനങ്ങൾക്ക് മാതൃക കാണിച്ചുകൊടുക്കുന്ന ഈ ഗവൺമെൻറ് എന്തു കൊണ്ടാണ് ഈ നിയമം നടപ്പിലാക്കുന്നതിനെ നീട്ടിനീട്ടി കൊണ്ടുപോകുന്നത്? ഇതുപോലെതന്നെ ഈ നിയമസഭ മറ്റു പല നിയമങ്ങളും പാസ്സാക്കി വച്ചിട്ടുണ്ട്. അതിലൊന്നാണ് തൊഴിലാളികളെ ബാധിക്കുന്ന കയറ്റിറക്ക് തൊഴിലാളി നിയമം. ഇത് ഇംപ്ലിമെൻറ് ചെയ്യാത്തതിൻെറ ഫലമായി അതുകൊണ്ടുള്ള ഗുണം ഇന്നു തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. കേരള പ്ലൈവുഡ് ഫോറസ്റ്റ് വെസ്റ്റിംഗ് ആൻറ് അസൈൻമെൻറ് ആക്ട് 1971-ൽ പാസ്സാക്കുകയും 1973-ൽ സുപ്രീംകോടതിയുടെ ഫൈനൽ വിധി വരുകയും ചെയ്തതിനുശേഷവും ഈ നിയമം നടപ്പിലാക്കാത്തത് ഗവൺമെൻറിൻെറ കുറ്റകരമായ അനാസ്ഥകൊണ്ടാണ്. അതുകൊണ്ട് ഈ നിയമസഭ ഈ പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കിത്തരണമെന്ന് വിനീതമായി ഞാൻ അഭ്യർത്ഥിക്കുകയാണ്.

(Shri T. M. Jacob in the chair)

ശ്രീ. എം. കെ. കൃഷ്ണൻ: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്. പ്രമേയാവതാരകൻ പറഞ്ഞതുപോലെ ഈ നിയമത്തിൻെറ പ്രിയാമ്പിളിൽ പറയുന്നത് വനഭൂമി എന്ന അർത്ഥത്തിലല്ല, കൃഷിഭൂമി എന്ന അർത്ഥത്തിലാണ്. കൃഷിഭൂമിയാണെന്നതുകൊണ്ട് കാർഷികപരിഷ്കരണ നിയമത്തിൻെറ വ്യവസ്ഥയിൽ ഉൾപ്പെടുത്തി, അങ്ങനെയാണ് നിയമം പാസ്സാക്കിയത്. വനഭൂമിയാണെന്നു പറഞ്ഞിരുന്നുവെങ്കിൽ ഈ നിയമത്തിന് സുപ്രീം കോടതിയിൽനിന്ന് അംഗീകാരം കിട്ടുമായിരുന്നില്ല. കൃഷിയോഗ്യമായ ഭൂമി കാർഷികപരിഷ്കരണ നിയമത്തിൻെറ പരിധിയിൽ ഉൾപ്പെടുത്തി ഉൽപാദനവർദ്ധനയ്ക്കുവേണ്ടി വിനിയോഗിക്കണം എന്ന അർത്ഥത്തിലാണ് ഈ നിയമം കൊണ്ടുവന്നത്. അത് മാത്രമല്ല, അർഹരായ ആളുകൾക്ക് ഭൂമി വിതരണം ചെയ്യണം എന്നുള്ള ഉദ്ദേശവും ഉണ്ടായിരുന്നു. അങ്ങനെ കൊണ്ടുവന്ന ഒരു നിയമത്തെ ഹൈക്കോടതിയിൽ ചോദ്യം ചെയ്യപ്പെടുകയും സുപ്രീംകോടതിയിൽ അപ്പീൽ പോവുകയും ആ അപ്പീലിൻെറ അടിസ്ഥാനത്തിൽ സുപ്രീം കോടതി ഇത് ശരിവയ്ക്കുകയും ചെയ്തു. നിമയത്തിലെ പതിനൊന്നാം വകുപ്പിൽ പറഞ്ഞിരിക്കുന്നത്, ഈ ഭൂമി രണ്ടു വർഷത്തിനകം അർഹരായ ആളുകൾക്ക് വിതരണം ചെയ്തിരിക്കണം എന്നാണ്. ഇത്രയും വ്യവസ്ഥ അടങ്ങുന്നതാണ് ഈ നിയമം. ഈ നിയമത്തെയാണ് ഹൈക്കോടതിയിൽ ചോദ്യം ചെയ്തത്. എന്നാൽ സുപ്രീംകോടതി ഈ നിയമത്തിലെ 11-ാം വകുപ്പ് എടുത്ത് ഉദ്ധരിച്ചുകൊണ്ടാണ് ഈ നിയമത്തിന് അംഗീകാരം നൽകിയത്. നിയമത്തിന് അംഗീകാരം നൽകി രണ്ടു വർഷത്തിനകം ഈ ഭൂമിവിതരണം ചെയ്തുകഴിഞ്ഞിരിക്കണം. 1973-ൽ ഗവൺമെൻറിൽ നിക്ഷിപ്തമായ ഭൂമി, നിയമവ്യവസ്ഥയനുസരിച്ച് നമ്മുടെ സംസ്ഥാനത്തെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് പതിച്ചുകൊടുക്കേണ്ട ഭൂമി, ഭൂമിയില്ലാത്തവർക്ക് കൃഷിചെയ്യാൻ പതിച്ചുകൊടുക്കേണ്ട ഭൂമി, ഈ നിയമവ്യവസ്ഥ അനുസരിച്ച് രണ്ടുവർഷത്തിനകം വിതരണം പൂർത്തീകരിക്കേണ്ട ഭൂമി, ഇതിനെ സംബന്ധിച്ച് 1979 ആയിട്ടും കാര്യമായ യാതൊരു നടപടിയും എടുത്തുകാണുന്നില്ല. ഇതിന് പല ന്യായങ്ങളും ഗവൺമെൻറ് പറയുമായിരിക്കാം. സർ, സുപ്രീംകോടതിയിലാണ് ഇതിൻമേലുള്ള വിധിയുണ്ടായത്.

പതിനായിരം ഹെക്ടർ വനഭൂമി 1979 മാർച്ചുമാസം 31-ാം തീയതിക്കകം വിതരണം ചെയ്തിരിക്കുമെന്നു പറഞ്ഞുകൊണ്ട് ഈ അടുത്തകാലത്ത് ഗവൺമെൻറ് ഒരു വാഗ്ദാനം ചെയ്തു. ആ വാഗ്ദാനം എവിടെ

LIBRARY ARCHIVES Kerala Legislative Assembly

യെത്തി? ഇന്ന് മാർച്ച് 30 ആണ്. നാളത്തെ ഒരു ദിവസംകൊണ്ട് ഇത്രയും ഭൂമി വിതരണം ചെയ്യാൻ പറ്റുമോ? 25,000 ഏക്കർ ഭൂമി മാത്രം വിതരണം ചെയ്താൽ പോരാ. സുപ്രീംകോടതിയുടെ വിധിന്യായംകൂടി വച്ച് പരിശോധിച്ചാൽ 4 ലക്ഷം ഏക്കറാണ് ഉള്ളത്. സർക്കാരിന്റെ വാദമനുസരിച്ച് ഇത്രയും കൃഷിയോഗ്യമായ ഭൂമിയാണ്. ഈ സഭയിൽ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി 1977-ൽ അവതരിപ്പിച്ച റിപ്പോർട്ടുണ്ട്. അതിൽ എല്ലാകാര്യങ്ങളും ഉദ്ധരിച്ചിട്ടുണ്ട്.

നിയമപ്രകാരം രണ്ടുവർഷത്തിനകം വിതരണം ചെയ്യേണ്ട ഭൂമി വിതരണം ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിരിക്കെ ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാതെ ആ നിയമത്തിനെതിരായാണ് പ്രവർത്തിക്കുന്നത്. ഒന്നുകിൽ ആ നിയമമനുസരിച്ച് പ്രവർത്തിക്കണം അല്ലെങ്കിൽ നിയമഭേദഗതി കൊണ്ടുവരണമെന്ന് സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ റിപ്പോർട്ടിൽ ആവശ്യപ്പെട്ടിട്ടുണ്ട്. നിയമത്തിൽ ഭേദഗതി കൊണ്ടുവന്നിട്ടില്ല. ഈ ഭൂമി വിതരണം ചെയ്യുന്നകാര്യത്തിൽ കുറ്റകരമായ അനാസ്ഥയാണ് ഗവൺമെന്റ് കാണിച്ചിട്ടുള്ളത്. ഇരുപത്തയ്യായിരം ഏക്കർ ഭൂമി വിതരണം ചെയ്യുമെന്ന് പറഞ്ഞു; കർഷകത്തൊഴിലാളി യൂണിയൻ നടത്തിയ സമരത്തിൽ ഒത്തുതീർപ്പു സംഭാഷണത്തിനുവേണ്ടി ഞങ്ങളെ വിളിച്ച് സംസാരിച്ചപ്പോൾ ഒരു വാഗ്ദാനം നൽകിയിരുന്നു. വാഗ്ദാനം വെറും വാക്കുമൂലമുള്ളതല്ല, എഴുതിത്തന്ന വാഗ്ദാനമാണ്. നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുന്ന അവസരത്തിൽ വിതരണത്തിനുവേണ്ടി ജില്ലാടിസ്ഥാനത്തിൽ ഉപദേശകസമിതി രൂപീകരിക്കുമെന്ന് പറഞ്ഞിരുന്നു. ഇരുപത്തയ്യായിരം ഏക്കർ ഭൂമി മാർച്ചുമാസം 31-ാം തീയതിക്കകം വിതരണം ചെയ്യേണ്ടതാണ്. നാളേക്കകം വിതരണം ചെയ്തിരിക്കണം. അങ്ങനെ വിതരണം ചെയ്യുമ്പോൾ വിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നതിനുവേണ്ടി ഉണ്ടാക്കേണ്ടിയിരുന്ന അഡൈ്വസറി കമ്മിറ്റി, ഇന്നുവരെ രൂപീകരിച്ചിട്ടില്ല. ഈ ഭൂമി വിതരണം ചെയ്യുന്നകാര്യത്തിൽ വളരെയധികം താല്പര്യമുള്ള ആളുകളെന്നുള്ളനിലയ്ക്ക് കർഷകത്തൊഴിലാളികളും ഈ പ്രശ്നം ഉന്നയിച്ചുകൊണ്ട് സമരം നടത്തിയപ്പോൾ സമരം ഒത്തുതീർപ്പിലെത്തിക്കുന്നതിനുവേണ്ടി നടത്തിയ വാഗ്ദാനങ്ങളിൽ ഒന്നാണ് കമ്മിറ്റി ഉണ്ടാക്കാമെന്നുള്ളത്. നാളിതുവരെ കമ്മിറ്റി രൂപീകരിക്കുന്നതിന് തയ്യാറായിട്ടില്ല. നിയമപ്രകാരമുള്ള ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. കുറ്റകരമായ അനാസ്ഥ കാണിക്കുന്നു. ഉപദേശകകമ്മിറ്റി രൂപീകരിക്കുമെന്ന് പറഞ്ഞിട്ട് ആ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടിപോലും ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. ഇനിയും വൈകിക്കുന്നത് ഈ നിയമത്തോടും സുപ്രീംകോടതിവിധിയോടും ചെയ്യുന്ന അനീതിയായിരിക്കും. കോടതിയിൽ പോയാൽ ഒരു പക്ഷേ അനുകൂലമായ വിധിയുണ്ടാകാനിടയുണ്ട് അതിനും സാധ്യതയില്ലാതില്ല. നിയമപ്രകാരം വിതരണം ചെയ്യേണ്ട ഭൂമി അടിയന്തിരമായി വിതരണം ചെയ്യാനും, വിതരണം ചെയ്യുമ്പോൾ അതിനാവശ്യമായ അഡൈ്വസറി കമ്മിറ്റിയുണ്ടാക്കാമെന്ന് ഗവൺമെന്റ് നൽകിയിട്ടുള്ള വാഗ്ദാനം പാലിക്കാനും തയ്യാറാകണമെന്ന് പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. എ. പി. കുര്യൻ</u> : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണ്. പ്രമേയത്തിൽ ''കുറ്റകരമായ അനാസ്ഥയിൽ'' എന്നതിനു പകരം ''കുറ്റകരമായ അനാസ്ഥയിലും'' എന്നാക്കുകയും തുടർന്ന് ''ഏറ്റെടുക്കേണ്ട ഭൂമി ഏറ്റെടുക്കാൻ വരുത്തുന്ന കാലതാമസത്തിലും'' എന്നുകൂടി കൂട്ടിച്ചേർക്കുകയും ചെയ്യണം. നമ്മുടെ സംസ്ഥാനത്ത്

LIBRARY ARCHIVES Kerala Legislative Assembly

മണ്ണിനുവേണ്ടി മാഹിക്കുന്ന ഭൂമിയില്ലാത്ത വളരെയധികം കർഷകത്തൊഴിലാളികളും ദരിദ്ര കൃഷിക്കാരുമുണ്ട്. റവന്യൂ മന്ത്രി ഈ സംസ്ഥാന ഗവൺമെൻറിനെ പ്രതിനിധീകരിച്ചുകൊണ്ട് പലപ്പോഴും ഭൂവിതരണ നടപടി ത്വരിതപ്പെടുത്തുമെന്ന് പറഞ്ഞിട്ടുണ്ട്. ഏറ്റവുമൊടുവിലായി ഈ നിയമസഭയിൽവച്ച് അദ്ദേഹം പറഞ്ഞത് ശ്രീ കൃഷ്ണൻ ചൂണ്ടിക്കാണിച്ചതുപോലെ 31-ാം തീയതിക്കകം പതിനായിരം ഹെക്ടർ നിക്ഷിപ്ത വനഭൂമി വിതരണം ചെയ്തുതീർക്കുമെന്നാണ്. എത്രത്തോളം വിതരണം നടത്തിയെന്ന് അദ്ദേഹത്തിന്റെ മറുപടിയിൽ പറയുമെന്ന് വിശ്വസിക്കുന്നു. പതിനായിരം ഹെക്ടർ ഭൂമി വിതരണം ചെയ്തതുതന്നെ ഇത് അപര്യാപ്തമാണെന്നുള്ളത് തർക്കമില്ല. വിതരണം ചെയ്തുവെന്നൊക്കെ പറയാം. നാലു ലക്ഷം ഏക്കർ ഭൂമിയാണ്—ഭൂമിയില്ലത്ത കർഷകത്തൊഴിലാളികൾക്കും ഹരിജനങ്ങൾക്കും വിതരണം ചെയ്യപ്പെടുന്നുള്ളതാണെന്ന് അവകാശപ്പെടുന്നില്ല—ഉപാധേറഷനുകൾ ഉണ്ടാക്കാനുള്ള പദ്ധതിക്കുവേണ്ടി ഉപയോഗിക്കാൻ ഇതിനകം തീരുമാനിച്ചിട്ടുള്ളത്. അവശേഷിക്കുന്ന കൃഷിയോഗ്യമായ ഭൂമി ഇനിയും വിതരണം ചെയ്യാതെ വച്ചുതാമസിപ്പിക്കുന്നത് ചന്ദ്രശേഖരക്കുറുപ്പ് പറഞ്ഞതുപോലെ കയ്യോറങ്ങാൻ ഉണ്ടാക്കാൻ മാത്രമേ സഹായിക്കൂ. ഗവൺമെൻറ് ഇതൊക്കെ പറയുകയും ഒരു ഭാഗത്ത് കയ്യോറത്തെ പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നു എന്നല്ല പറയുന്നത്, ഫലത്തിൽ മൗനാനുവാദം കൊടുക്കുന്നത് ഒട്ടും ശരിയല്ല. ഈ രാജ്യത്ത് മറ്റുതരത്തിൽ തൊഴിൽ അവസരം ഉണ്ടാക്കുന്നതിന് പറ്റുകയില്ലെന്ന് നമുക്കറിയാം. ഇവിടത്തെ വ്യവസായങ്ങൾകൊണ്ട് എത്രത്തോളം പണികൊടുക്കാൻ കഴിഞ്ഞുവെന്ന് അറിയാം. ഒട്ടേറെ അധ്വാനശീലമുള്ള കർഷകർ ഇവിടെയുള്ളപ്പോൾ അവർക്ക് ഈ മണ്ണ് വീതിച്ചുകൊടുക്കാനുള്ള നടപടി ഗവൺമെൻറ് സ്വീകരിക്കണം. എന്നാൽ കുറെ തൊഴിൽ അവസരമുണ്ടാക്കുന്നതിന് സാധിക്കും. നിക്ഷിപ്ത വനഭൂമിയുടെ കാര്യത്തിൽ മാത്രമല്ല അല്ലാതുള്ള ഭൂമിയും വിതരണം ചെയ്യണം. ആരബ്ൾ ലാൻഡ് രണ്ടു ലക്ഷത്തോളം ഏക്കർ വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ലക്ഷക്കണക്കിന് ഏക്കർ മിച്ചഭൂമി വേറെയും കാണും. ആ ഭൂമികൂടി വിതരണം ചെയ്യുന്ന കാര്യത്തിൽ ഗവൺമെൻറ് പരാജയപ്പെട്ടിരിക്കുകയാണ്. ആരബ്ൾലാൻഡും മിച്ചഭൂമിയുമെല്ലാംകൂടി ചേർത്ത് വളരെ കുറച്ചുഭൂമിയാണ് ഏറെനടുത്ത് വിതരണം ചെയ്തിട്ടുള്ളത്. നിക്ഷിപ്തവനഭൂമിയും അല്ലാതുള്ള മിച്ചഭൂമിയുമെല്ലാം വർഷങ്ങൾക്കുമുമ്പേ വിതരണം ചെയ്യേണ്ടതായിരുന്നു. ആ ഭൂമികൂടി വിതരണംചെയ്യാതെ വീട്ടിക്കൊണ്ടുപോകുകയാണ്. ഈ നടപടി അവസാനിപ്പിച്ച് ഒരു സമയബന്ധിത പരിപാടിയനുസരിച്ച് ആറുമാസത്തിനകം വിതരണം ചെയ്യുമെന്നുള്ള ഒരു തീരുമാനം ഈ സഭയ്ക്ക് എടുക്കാൻ കഴിഞ്ഞാൽ മാത്രമേ ഇനിയെങ്കിലും പുരോഗതി ഉണ്ടാവുകയുള്ളു. അതുകൊണ്ട് ഈ വ്യവസ്ഥ ഉൾക്കൊള്ളിച്ചുകൊണ്ട് ഈ പ്രമേയം പാസാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. എൻ. ഭാസ്കരൻ നായർ: കേരളത്തിലെ ജനങ്ങളെപ്പോലെ ഭൂമിയ്ക്ക് ദാഹമുള്ള ജനങ്ങൾ മറ്റെവിടെയെങ്കിലും ഉണ്ടെന്ന് തോന്നുന്നില്ല. ഭൂമി എവിടെ കണ്ടാലും ഓടിയെത്തുന്ന ജനതയാണ് കേരളജനത. അങ്ങനെയുള്ള അവസരത്തിൽ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ഭൂമിയിലേക്ക് പ്രവേശിക്കുന്നതിന് ഒരു പ്രചോദനം കൊടുത്തത് Grow more food Campaign എന്നുള്ള രീതിയിൽ ആണ്. കൂടുതൽ ഭക്ഷ്യ സാധനങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി ഈ വനപ്രദേശത്ത് പ്രവേശിച്ച് അവിടെ കൃഷി ഇറക്കി കൂടുതൽ ഉൽപാദനം ഉണ്ടാക്കുന്നതിനുവേണ്ടി ഒരു

LIBRARY ARCHIVES Kerala Legislative Assembly

പ്രേരണ ചെലുത്തിക്കൊടുത്തത് ഗവൺമെൻറാണ്. അതിനെത്തുടർന്നാണ് ഇന്ന് കാണുന്ന ഭൂമിയിലെല്ലാം ഗവൺമെൻറു ഭൂമിയാണെങ്കിലും ഒഴിഞ്ഞുകിടക്കുകയാണെങ്കിൽ പ്രവേശിക്കുന്നത്, പ്രവേശിച്ചുകഴിഞ്ഞാൽ ഒഴിപ്പിക്കുകയില്ലെന്ന് ഗവൺമെൻറ് പല നടപടികൊണ്ടും അംഗീകരിച്ചു കഴിഞ്ഞിരിക്കുകയാണ്. 1-1-1977-നു ശേഷം ആരും പ്രവേശിക്കാൻ പാടില്ലെന്നും 1-1-1977-നു ശേഷം പ്രവേശിച്ചാലും അതിനുമുമ്പ് പ്രവേശിച്ചതായി ആർക്കെങ്കിലും രേഖയുണ്ടാക്കാനുണ്ടെങ്കിൽ ഉണ്ടാക്കാനുള്ള സമയം കൊടുത്ത് നിയമം ഉണ്ടാക്കിയിരിക്കുന്ന ഒരു കാലഘട്ടമാണിത്. നിയമങ്ങളൊക്കെ നിഷ്ക്കർഷമായും പാലിക്കുന്നതിന് ഗവൺമെൻറ് തയ്യാറാകേണ്ടതാവശ്യമാണ്. പ്രൈവറ്റ് ഫോറസ്റ്റ് എക്സസ്സുള്ളത് എടുക്കണമെന്ന് തീരുമാനിച്ചതിനുശേഷം മലബാർ ഏരിയായിൽ പ്രവേശിക്കുന്ന ആർക്കും കാണാവുന്ന ഒരു കാഴ്ച ആ ഭൂമിയിൽ അന്യ ആളുകൾ പ്രവേശിച്ചിരിക്കുന്നതാണ്. നായർ സർവ്വീസ് സൊസൈറ്റിയുടെ അട്ടപ്പാടിയിലുള്ള എസ്റ്റേറ്റ് കൂടുതലുണ്ടെന്ന് പറഞ്ഞ് ഗവൺമെൻറിൽനിന്ന് അളന്നു തിരിച്ചതിനുശേഷം ഏകദേശം നാലായിരം ഏക്കർ ഭൂമി അന്യ ആളുകളുടെ കൈവശം പോയിരിക്കുകയാണ്. ഒരുകാലത്ത് നായർ സർവ്വീസ് സൊസൈറ്റിയുടെ കയ്യിലിരുന്ന ഭൂമി കൂടുതലാണെന്നുള്ള വ്യാജേന അളന്നുതിരിച്ച് വേറെ ഗവൺമെൻറ് ഏറ്റെടുത്തശേഷം ആ ഏരിയ എല്ലാം മറ്റുള്ളവർ കയ്യടക്കിവച്ചിരിക്കുകയാണ്. ഒരു ചെറിയ ഉദാഹരണമാണിത്. ഇങ്ങനെ അനേകം ഉദാഹരണമുണ്ട്. ഗവൺമെൻറ് ഭൂമിയില്ലാത്ത ആളുകൾക്ക് വിതരണം ചെയ്യാനാണുദ്ദേശിക്കുന്നതെങ്കിൽ അത് കർശനമായി നടപ്പിലാക്കി വീതിച്ചുകൊടുക്കേണ്ടതാവശ്യമാണ്. എങ്കിൽ മാത്രമേ പ്രയോജനം ഉണ്ടാവുകയുള്ളു. അതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. പി. ആർ. ശിവൻ : പ്രമേയത്തിന്റെ മദ്ധ്യഭാഗത്ത് വിതരണം ചെയ്യുന്ന കാര്യത്തിൽ എന്നു കഴിഞ്ഞിട്ട് ''ഈ ഗവൺമെൻറ്'' എന്നുകൂടി ചേർക്കണം എന്നുള്ള എന്റെ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്. നമ്മുടെ ബഡ്ജറ്റിൽ അധികസമയവും പിടിച്ചുപറ്റിയ ഒരു വാക്കാണ് അധിക വിഭവ സമാഹരണം. ഈ അധികവിഭവ സമാഹരണം എങ്ങനെ നടക്കുമെന്നുള്ളതിന് ഒരു വ്യക്തമായ ഉദാഹരണം ഞാൻ പറയുകയാണ്. നിക്ഷിപ്ത വനഭൂമി അർഹരായവർക്ക് പതിച്ചുകൊടുത്താൽ ആ ഭൂമിയിലുണ്ടാകുന്ന വിഭവം അധിക വിഭവ സമാഹരണത്തിന്റെ പട്ടികയിൽപ്പെടുത്താൻ കഴിയുമെന്നാണ് എന്റെ പ്രതീക്ഷ. ഇവിടെ പ്രമേയാവതാരകൻ പറഞ്ഞതുപോലെ നമ്മുടെ രാജ്യത്ത് ഭൂമിക്കുവേണ്ടിയുള്ള ദാഹം അതും ഫലഭൂയിഷ്ഠമായ ഭൂമി മുൻപിലുള്ളപ്പോൾ തീർച്ചയായും അതിനകത്ത് അനിവാര്യമാണ് കയ്യേറ്റം. വിശക്കുന്നവന്റെ മുൻപിൽ നല്ല ആഹാരമിരിക്കുന്നുണ്ട്. അത് എത്രമാത്രം വിലയുള്ളതാണെങ്കിൽപോലും വിശപ്പുതീർക്കാൻ വിലക്ക് പലപ്പോഴും വഴിമാറി കൊടുക്കാറുണ്ട്. അതാണ് ജനങ്ങളുടെ സ്ഥിതി നമ്മുടെ രാജ്യത്ത് ഭൂമിയുടെ ദാഹത്തിന്റെ ചരിത്രം പരിശോധിച്ചാൽ എന്തെല്ലാം വിലക്കും മർദ്ദനോപാധികളും ഉണ്ടെങ്കിൽപ്പോലും മനുഷ്യർ ഭൂമിയിൽ കടന്നു കയറുകയും കൃഷി നടത്തുകയും ചെയ്തിട്ടുള്ള അനവധി ഉദാഹരണങ്ങളുണ്ട്. അതുകൊണ്ട് ഈ കാര്യത്തിലും അതിൽനിന്നു വ്യത്യസ്തമായിരിക്കുകയില്ല സ്ഥിതി. രാവിലെ ചോദ്യോത്തരവേളയിൽ ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി പറഞ്ഞു, വൈകിയെത്തുന്ന നീതി

LIBRARY ARCHIVES Kerala Legislative Assembly

നിഷേധിക്കപ്പെടുന്ന നീതിക്ക് തുല്യമാണെന്ന്. അത് ഇവിടെ പ്രസക്തമാണ്. അതുകൊണ്ട് നിശ്ചിത വനഭൂമി പതിച്ചുകൊടുക്കാനുള്ള അടിയന്തിര നടപടികളും സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. എ. എ. റഹീം : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രമേയത്തിൽ നാലാമത്തെ വരിയിൽ 'കുറ്റകരമായ' എന്ന വാക്ക് നീക്കംചെയ്തു പകരം 'പ്രകടമായ' എന്ന വാക്ക് ചേർക്കണം.

ഇവിടെ മറ്റു ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞ അഭിപ്രായങ്ങളോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു, ജനസംഖ്യ വളരെയധികം വർദ്ധിച്ചു വരുന്ന ഈ രാജ്യത്ത് ഭൂമിയുടെ വ്യാപ്തി വർദ്ധിക്കുന്നില്ല. പട്ടണങ്ങളിലാണ് ജനസംഖ്യ അധികം വർദ്ധിക്കുന്നതെങ്കിൽ ഇവിടെ മലംപ്രദേശങ്ങളിലും ഗ്രാമങ്ങളിലുമാണ് ജനസംഖ്യ വർദ്ധിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ വ്യവസായങ്ങൾ ധാരാളമായി വളരുന്നില്ല. കാർഷിക രംഗത്തു വളർച്ചയുണ്ടാകണമെന്നു നമുക്കെല്ലാവർക്കും ആഗ്രഹമുണ്ട്. അതിന് കൃഷിചെയ്യുന്ന ഭൂമിയെങ്കിലും കൃഷി ചെയ്യപ്പെടുന്നവർക്ക് വിട്ടുകൊടുക്കുന്നതിനാവശ്യമായ നടപടി ത്വരിതപ്പെടുത്തേണ്ടതേ ഏറ്റവും ആവശ്യമാണെന്നുള്ളത് എടുത്തു പറയേണ്ട കാര്യമല്ല. കൃഷിയോഗ്യമായ വളരെ ഭൂമിയിൽ ഇന്നു പലതരത്തിലുള്ള കയ്യേറ്റങ്ങളും നടക്കുന്നുണ്ട്. അത് ഇന്ന് ഒരു വ്യവസായമാണ്. അർഹതയുള്ള ആളുകൾക്ക് ഭൂമി കിട്ടാതെ ബലമുള്ളവർ ഭൂമി കൈവശപ്പെടുത്തുകയും അത് വിലയ്ക്ക് കൊടുത്തിട്ട് പിന്നെ അടുത്ത സ്ഥലങ്ങളിൽചെന്ന് ആക്രമിച്ച് കൈവശപ്പെടുത്തി വീണ്ടും വിൽക്കുകയും ചെയ്യുന്നുണ്ട്. അത് ഒരു സ്ഥിരം തൊഴിലായി ആരംഭിച്ചിട്ടുള്ള ആളുകൾ ഈ രാജ്യത്തുണ്ടെന്നുള്ളത് മന്ത്രിക്ക് അറിയാം. മിച്ചഭൂമി സർക്കാർ ഏറെടുത്തശേഷം പലയിടത്തും വിതരണം ചെയ്തിട്ടുണ്ട്. ഞാൻ കഴിഞ്ഞ പ്രാവശ്യം ചൂണ്ടികാണിച്ചതാണ്. കുളത്തൂപ്പുഴ ഏരിയായിൽ നൂർജിഹാന്റെ വനഭൂമി ഗവൺമെന്റ് ഏറെടുത്ത് 700 ഏക്കർ വീതിച്ചു കൊടുത്തിട്ട് പണം അടച്ചിട്ടും കൈവശം കിട്ടാത്ത അവസ്ഥയുണ്ടെന്ന്. അടുത്തകാലത്ത് അതേസംബന്ധിച്ച് മന്ത്രിയുടെ അടുക്കൽ നിവേദനം നടത്തിയിട്ടുണ്ട്. ഇങ്ങനെയുള്ള തകരാറുകളുണ്ട്. ഇതൊക്കെ വളരെയധികം പ്രധാനപ്പെട്ട കാര്യങ്ങളാണ്. കൂടുതൽ ബുദ്ധിമുട്ടുള്ള ഡിപ്പാർട്ടുമെന്റാണെന്നറിയാം. വിതരണ കാര്യത്തിൽ കൂടുതൽ ഉദ്യോഗസ്ഥൻമാർവേണം, വേണ്ടിടത്തോളമുള്ള ആളുകൾ ഇല്ലെന്നായിരിക്കും മറുപടി പറയുക എന്ന് എനിക്കറിയാം. പക്ഷേ ഏതായാലും അടുത്തകാലത്ത് ഇതിന്റെ ഊർജ്ജിത കുറഞ്ഞുപോയിട്ടുണ്ടോ എന്നുള്ള സംശയമുണ്ട്. ആദ്യം ഉണ്ടായിരുന്നത്ര ഊർജ്ജിത ഈ കാര്യങ്ങളിൽ ഇപ്പോൾ ഇല്ലെന്നാണ് തോന്നുന്നത്. പ്രാധാന്യംകൊണ്ട് മന്ത്രി ക്ഷീണിതനാണ്, ഇടക്കിടക്ക് അസുഖം ഉണ്ടെന്നറിയാം. പക്ഷേ അത് ഡിപ്പാർട്ടുമെന്റിനെ ബാധിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം, നിയമങ്ങൾ കർശനമാക്കുന്നതിനും കഴിയുന്നതും വേഗം വിതരണം ചെയ്യാനുള്ള ഏർപ്പാടുണ്ടാക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. സിറിയക് ജോൺ: എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രമേയത്തിൽ നാലാമത്തെ വരിയിൽ 'കുറ്റകരമായ' എന്നതിനു പകരം 'ഗുരുതരമായ' എന്നാക്കി മാറ്റി ബാക്കി ഭാഗം അതേപടി വായിക്കുക

LIBRARY ARCHIVES Kerala Legislative Assembly

ഈ പ്രമേയത്തിന്റെ അന്തസ്സത്തയോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. കൃഷിയോഗ്യമായ വനഭൂമി വിതരണം ചെയ്യുന്നതിനുള്ള കാലതാമസം വനത്തിനടുത്ത പ്രദേശങ്ങളിൽ താമസിക്കുന്ന കൃഷിക്കാരെ വളരെ ദ്രോഹകരമായി ബാധിക്കുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. ഇവിടെ കൃഷിഭൂമിയിൽ വനഭൂമി കണ്ടെത്തുന്നത് ഫോറസ്റ്റ് അധികൃതരെ സംബന്ധിച്ചിടത്തോളം പല മേഖലയിലുമുണ്ട്. അവരുടെ കൃഷിഭൂമിയുടെ നടുവിലൂടെ ജണ്ടയിട്ട് കൃഷിക്കാരെ ഉപദ്രവിച്ച് കൈക്കൂലി വാങ്ങുന്നതു പല സ്ഥലങ്ങളിലും ഫോറസ്റ്റുദ്യോഗസ്ഥൻമാരുടെ ക്രൂര വിനോദമായി മാറിയിരിക്കുകയാണ്. അതേസമയത്ത് മറുഭാഗത്ത് വ്യാപകമായ തോതിൽ ഇവർ കൂട്ടുനിന്നുകൊണ്ട് വനം കയ്യേറ്റം നടക്കുന്നുണ്ട്. ഈയൊരു പ്രതിഭാസം വളരെക്കാലമായി ഈ മേഖലയിൽ നിലകൊള്ളുന്നു. അതിന് എന്തെങ്കിലും തരത്തിൽ വനദേശസാൽക്കരണ നിയമം അവതരിപ്പിച്ചു പാസാക്കിയ ശ്രീ. ശ്രീനിവാസന്റെ കാലത്ത് ഒരു അറുതിയുണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്. അതുപോലെതന്നെ വ്യാപകമായ തോതിൽ കൃഷിചെയ്തുകൊണ്ടിരിക്കുന്ന കൃഷിഭൂമിയുടെ മദ്ധ്യത്തിൽ അൽപ്പം വനഭൂമിയുണ്ടെങ്കിൽ ആ വനഭൂമിയെ സംബന്ധിച്ചിടത്തോളം ഒന്നുകിൽ ഭൂരഹിതരായ കർഷകത്തൊഴിലാളികളിൽ അർഹരായവർക്ക് പതിച്ചുകൊടുക്കണം, അതല്ലെങ്കിൽ പ്ലാന്റേഷൻ കോർപ്പറേഷനെക്കൊണ്ടോ അതുപോലുള്ള മറ്റു ഏതെങ്കിലും ഏജൻസികളേയോ കൊണ്ട് അവിടെ പ്ലാന്റേഷൻ നടത്തിക്കണം. അങ്ങനെ നടത്താത്തിടത്തോളംകാലം ആ സ്ഥലം കയ്യേറുന്നതിനുള്ള പ്രവണത ഉണ്ടാകുന്നുവെന്നു മാത്രമല്ല അതു വനഭൂമിയായി നിലനിൽക്കുന്നതുകൊണ്ട് പരിസരത്തുള്ള കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ദോഷകരമായി ബാധിക്കുമെന്നുള്ളതും ഗവൺമെന്റ് മനസ്സിലാക്കണം. ഉദാഹരണത്തിന് എന്റെ നിയോജകമണ്ഡലത്തിൽ തിരുവാമ്പാടി പഞ്ചായത്തിൽ പതിനായിരക്കണക്കിന് കൃഷിക്കാർ കൃഷിചെയ്യുന്ന കാർഷിക മേഖലയിൽ ആയിരം ഏക്കറോളം വരുന്ന പൊന്നാംകയം എന്നൊരു പ്രദേശമുണ്ട്. അത് ഇപ്പോൾ വനഭൂമിയായി തിരിച്ചിരിക്കുകയാണ്. അത് ഒന്നുകിൽ വിതരണം ചെയ്യണം അല്ലെങ്കിൽ പ്ലാന്റേഷൻ കാർപ്പറേഷനെക്കൊണ്ടോ കാഷ്യൂ ഡവലപ്പ്മെന്റ് കോർപ്പറേഷനെക്കൊണ്ടോ പ്ലാന്റേഷൻ വച്ചുപിടിപ്പിക്കുന്നതിനുള്ള എന്തെങ്കിലും ഏർപ്പാട് ചെയ്യണം. അല്ലാത്തിടത്തോളംകാലം പരിസരത്തുള്ള പതിനായിരക്കണക്കിന് കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വളരെയേറെ ശല്യം ഉണ്ടാക്കും. വന്യമൃഗങ്ങൾ വളരുന്നു, പല സ്ഥലത്തും വനം കയ്യേറുന്നതിനുള്ള ശ്രമം നടക്കുന്നു. അതു ചെറുത്തുനിൽക്കേണ്ട ബാദ്ധ്യത അവിടെയുള്ള കൃഷിക്കാർക്കായി മാറിയിരിക്കുന്നു ആ മേഖലയിലുള്ള ഈ പ്രശ്നത്തിന് എന്തെങ്കിലും ഒരു പരിഹാരമുണ്ടാകണം. ശ്രീ. എം. കെ. കൃഷ്ണൻ ഇവിടെ സൂചിപ്പിച്ചതിന്റെ ഉദ്ദേശത്തെ ഞാൻ പ്രോദ്യം ചെയ്യുന്നില്ല. രണ്ടു വർഷത്തിനകം ഭൂവിതരണം നടത്തണമെന്നാണ് നിയമത്തിലെ വ്യവസ്ഥ. അതു വനമുതലാളിമാർക്കെല്ലാം അറിയാവുന്ന വസ്തുതയാണ്. നിയമത്തിൽ പറയുന്നമാതിരി വനഭൂമി വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. അതിനിടയിൽ ഈ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഇത്രയേറെ പെരുപ്പിച്ചു പറയുന്നതുവഴി കയ്യേറ്റക്കാർക്ക് ഒരു സന്ദർഭം ഉണ്ടാക്കിക്കൊടുത്തിട്ടുണ്ടോ എന്നു സംശയിക്കുകയാണ്. അദ്ദേഹത്തിന്റെ ഭരണകാലത്ത് ഇവിടെ ധാരാളമായി വനം കയ്യേറ്റം നടന്നുകൊണ്ടിരുന്നു എന്നുള്ളതു ഒരു വസ്തുതയാണ്. അതിനെത്തുടർന്ന് ശ്രീ. ശ്രീനിവാസൻ വനങ്ങൾ രാജ്യത്തിന്റെ സമ്പത്താണെന്നും അതു രാജ്യത്തിന്റെ സ്വത്താക്കി മാറ്റുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി

LIBRARY ARCHIVES Kerala Legislative Assembly

കരം സ്വീകരിച്ച് പടിപടിയായി മുന്നോട്ടു പോകുന്നതും തമ്മിൽ ഒരു താരതമ്യപഠനം നടത്തി അതിന്റെ അടിസ്ഥാനത്തിൽ ഒരു സ്വയം വിമർശനത്തിന് മുതിരുന്നത് നന്നായിരിക്കുമെന്നു ഞാൻ പറയുകയാണ്. ഞാൻ അവസാനിപ്പിക്കുകയാണ്. ഈ തരത്തിൽ കൃഷിഭൂമിയെ വനഭൂമിയാക്കി കാണുന്ന ഫോറസ്റ്റ് അധികൃതരുടെ പേക്കൂത്തുകൂടി അവസാനിപ്പിക്കണമെന്നു ഞാൻ പറയുകയാണ്.

ശ്രീ. എസ്. തൃക്കരാജൻ: സർ, ഈ പ്രമേയത്തിന്റെ അന്തസത്തയോട് ഞാൻ യോജിക്കുകയാണ്; എന്റെ ദേഗതി അനുവദിക്കുന്നില്ലെങ്കിൽ പോലും. നിക്ഷിപ്ത വനഭൂമി പതിച്ചുകൊടുക്കണമെന്നു പറയുമ്പോഴും നമ്മുടെ രാജ്യത്ത് അത്യാവശ്യം നിലനിറുത്തേണ്ട വനസമ്പത്ത് നിലനിറുത്തേണ്ടതിന്റെ പ്രാധാന്യം കുറച്ചുകണ്ടിട്ട് കാര്യമില്ല. രാജ്യത്തിന്റെ പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിറുത്തുന്നതോടൊപ്പംതന്നെ അതുവഴി നമ്മുടെ രാജ്യത്ത് ധാരാളം തൊഴിലവസരങ്ങളും നൽകുന്ന ഒരു വലിയ വ്യാവസായിക മേഖലക്കുകൂടി വനസമ്പത്ത് ആവശ്യമാണ്. അതോടൊപ്പം പതിച്ചുകൊടുക്കാവുന്ന ഭൂമി പതിച്ചുകൊടുക്കുന്നതിൽ ആർക്കും എതിരല്ല. പക്ഷേ വനത്തിന്റെ പ്രാധാന്യം കുറച്ചുകാണിക്കണമെന്നു പറയുന്നതിനോട് യോജിക്കാൻ നിർവ്വാഹമില്ല. അതേസമയം കർഷകത്തൊഴിലാളികൾക്ക് പതിച്ചുകൊടുക്കാവുന്ന ഭൂമി പതിച്ചുകൊടുക്കുമ്പോൾ ഒരു കാര്യംകൂടി ശ്രദ്ധിക്കണമെന്നു ഞാൻ പറയുകയാണ്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ നേരത്തെ പല ആളുകൾക്കും വനഭൂമി ഇവിടെ പതിച്ചുകൊടുത്തു. പതിച്ചുകിട്ടിയ ആളുകളിൽ പലരും ആ ഭൂമി ഏറ്റെടുക്കാൻപോലും തയ്യാറാകാതെ അവിടെ ചെന്നു കിട്ടിയ വിലയ്ക്ക് വിറ്റു കാശുവാങ്ങി മടങ്ങിപ്പോയ അനുഭവമുണ്ട്. അതുകൊണ്ട് വനഭൂമി പതിച്ചു കൊടുക്കുന്നതോടൊപ്പം ഭൂമിയിൽ ആളുകൾക്ക് അവിടെ കൃഷി ചെയ്യാനുള്ള ഒരു സംവിധാനംകൂടി ഉണ്ടാക്കിയിട്ട് പതിച്ചുകൊടുക്കേണ്ടതാണെന്നാണ് എനിക്ക് പറയാനുള്ളത്. അവർക്ക് അവിടെ അദ്ധ്വാനിക്കാൻ കഴിയുന്ന തരത്തിലുള്ള ഒരു സംവിധാനം ഉണ്ടാക്കാനുള്ള ഏർപ്പാടുകൂടി ചെയ്യണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഈ പ്രമേയത്തിൽ പറഞ്ഞ ചില കാര്യങ്ങളോട് യോജിക്കാതിരിക്കാൻ യാതൊരു നിവൃത്തിയുമില്ല. പ്രമേയാവതാരകൻ സൂചിപ്പിച്ചതുപോലെതന്നെ 1971-ൽ പാസാക്കി. 10-5-1971 മുതൽ നടപ്പിൽ വന്നിട്ടുള്ള നിയമം അതിന്റെ 12-ാം വകുപ്പനുസരിച്ച് രണ്ടുകൊല്ലത്തിനുള്ളിൽതന്നെ ഭൂമി വിതരണം ചെയ്യണമെന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതിനുപുറമെ സുപ്രീം കോടതിയും വ്യക്തമായി പറഞ്ഞു. എന്നാൽ ഇന്ന കാലംവരെ വേണ്ടത്ര പുരോഗതി ഉണ്ടായിട്ടില്ലെന്നുള്ളത് സത്യമാണ്. പുരോഗതി ഉണ്ടാകാതിരിക്കാനുള്ള കാരണം എന്താണെന്നുള്ളതിലോക്ക് ഞാൻ കടക്കുന്നില്ല. ഈ ഭൂമി വനംവകുപ്പ് ക്ലിയർ ചെയ്തതിനുശേഷം റവന്യൂ ഡിപ്പാർട്ടുമെന്റിനെ ഏൽപ്പിച്ചാൽ മാത്രമേ റവന്യൂ ഡിപ്പാർട്ടുമെന്റിനു വിതരണം ചെയ്യാൻ കഴിയൂ എന്നുള്ള കാര്യം എല്ലാവർക്കും അറിയാം. എന്റെ സ്നേഹിതൻ ശ്രീ. സിറിയക് ജോൺ ചൂണ്ടിക്കാണിച്ചതുപോലെ ഇന്നത്തെ വനംവകുപ്പുമന്ത്രിയാണ ഈ നിയമം കൊണ്ടുവന്നത്. ഉടൻതന്നെ അദ്ദേഹം പുറത്തുപോവുകയും ചെയ്തു. അതിനുശേഷം ഈ വകുപ്പ് കൈകാര്യം ചെയ്തത് ആരാണെന്നുള്ളതിനെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. എതായാലും അദ്ദേഹം പുറത്തുപോയതിനുശേഷം രണ്ടുകൊല്ലം കഴിഞ്ഞ് ശ്രീമാൻ കുഞ്ഞമ്പു ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിയായപ്പോഴാണ് പതിനായിരം പെർസെന്റെങ്കിലും ക്ലിയർ ചെയ്യാനും വിതരണം ചെയ്യാനും സാധിച്ചത്. അപ്പോഴും എനിക്കു തോന്നുന്നു, ഇനി വലിയ പ്രയാസം കാണുകയില്ല, തടസങ്ങളൊക്കെ നീങ്ങിയിട്ടുണ്ട്. നിയമം കൊണ്ടുവന്ന മന്ത്രിതന്നെ വീണ്ടും വരുന്നു. അതുകൊണ്ട് കൂടുതൽ ക്ലിയർ ചെയ്യാനും വിതരണം ചെയ്യാനും സാധിക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല.

സർ, ഏതായാലും ഞാൻ മറ്റൊരുകാര്യം ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുന്നു. ഈ നിയമം ഇവിടെ കൊണ്ടുവന്ന സന്ദർഭത്തിൽ പറഞ്ഞ കാര്യങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. പക്ഷേ ഇന്ന് ഈ രാജ്യത്ത് ഓസ്സറൈഡ് ഫോറസ്റ്റിൽ എന്തു നടക്കുന്നു എന്നുള്ള കാര്യം നമുക്കറിയാം. ഈ നിയമത്തെ സംബന്ധിച്ചിടത്തോളം പറയുമ്പോഴും ഈ ഫോറസ്റ്റ് ഇങ്ങനെ നിലനിറുത്തുന്നത് വാസ്തവത്തിൽ അപകടകരമാണ്. പല സ്ഥലങ്ങളിലും ഒന്നോ രണ്ടോ ഏക്കറുള്ള കൃഷിക്കാരെ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിലുള്ള ആളുകൾ ചെന്ന് ഒഴിപ്പിക്കുന്നു. അതേയവസരത്തിൽ ആയിരക്കണക്കിനേക്കർ തോട്ടം വച്ചുപിടിപ്പിക്കുന്നു. എന്റെ കോൺസ്റ്റിറ്റ്യൂവൻസിയിൽ തൊട്ടുകിടക്കുന്ന മമ്പാട് റൂബി എസ്റ്റേറ്റ് എന്നുപറയുന്ന മരാട്ടുകുളത്തിന്റെ ഒരു എസ്റ്റേറ്റുണ്ട്. അവർ ആയിരക്കണക്കിനേക്കർ സ്ഥലം കയ്യേറി റബ്ബർ വച്ചു പിടിപ്പിച്ചിരിക്കുകയാണ്, പ്ലാൻ ചെയ്തിരിക്കുകയാണ്. ഇതിനെക്കുറിച്ച് ഒരന്വേഷണം നടത്തണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അപേക്ഷിക്കുകയാണ്. ആയിരക്കണക്കിനേക്കർ തോട്ടം അവിടെ വച്ചുപിടിപ്പിച്ചിരിക്കുന്നു. ഇന്നും വച്ചുപിടിപ്പിച്ചുകൊണ്ടിരിക്കുന്നു. അവിടെ പാവങ്ങൾക്കു വിതരണം ചെയ്യാനുള്ള ഭൂമി, അത് പാവങ്ങൾക്കു കൊടുത്തില്ലെന്നു മാത്രമല്ല അവിടത്തെ രാജാക്കൻമാർക്ക് ആയിരക്കണക്കിനേക്കർ തോട്ടം വയ്ക്കാൻവേണ്ടി വനം വെട്ടി നശിപ്പിച്ച് മരങ്ങൾ വെട്ടിനശിപ്പിച്ച് തോട്ടം വച്ചുപിടിപ്പിക്കുന്നു. ഗവൺമെന്റിന്റെ ഭൂമി മാത്രമല്ല എന്റെ സേനഹിതൻ ചൂണ്ടിക്കാണിച്ചതുപോലെ അവിടത്തെ ഹരിജനങ്ങൾക്കും പാവങ്ങൾക്കും വിതരണം ചെയ്യേണ്ട ഭൂമി മരാട്ടുകുളത്തപ്പാലുള്ള രാജാക്കൻമാർക്ക്.. .. ..

ശ്രീ. സി. എ. കുര്യൻ: ഈ രാജാക്കൻമാർക്ക് തോട്ടം വച്ചുപിടിപ്പിക്കാൻ ഗവൺമെന്റിൽനിന്നും അധികാരം കൊടുത്തിട്ടുണ്ടോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: രാജാക്കൻമാർക്ക് അധികാരം കൊടുക്കാൻ കഴിയുകയില്ല. ഗവൺമെന്റ് ഭൂമിയാണ്, കയ്യേറി നടത്തുകയാണ്; റബ്ബർ വച്ചു പിടിപ്പിക്കുകയാണ്. റബ്ബറിന് ബേസിക് ടാക്സില്ല, പ്ലാന്റേഷൻ ടാക്സില്ല, യാതൊന്നുമില്ല. പാവങ്ങൾക്കു കിട്ടേണ്ട ഭൂമി അവിടെ പിടിച്ചുപറിക്കുന്നു. അതുകൊണ്ട് എനിക്ക് പറയാനുള്ളത് ഇതിനെക്കുറിച്ച് അന്വേഷിക്കുകയും മരാട്ടുകുളത്തെപ്പാലുള്ള മുതലാളിമാർ കയ്യേറിയിട്ടുള്ള ഭൂമി അവരുടെ കയ്യിൽനിന്നും പിടിച്ചെടുക്കുകയും ആ ഭൂമി ഈ രാജ്യത്തിലെ പാവങ്ങൾക്കു വിതരണം ചെയ്യുന്നതിനുവേണ്ടി തയ്യാറാവുകയും ചെയ്യണമെന്നാണ് ഞാൻ അപേക്ഷിക്കുകയാണ്. ഈ പാവപ്പെട്ട ആളുകൾ വെസ്റ്റേൺ ഫോറസ്റ്റിൽ കൃഷി ചെയ്യുന്ന പാവങ്ങൾ, തിരുവിതാംകൂറിൽനിന്നുവന്ന ആളുകൾ അവർ അവിടത്തെ ജൻമിമാർക്കു പണം കൊടുത്തുകൊണ്ടു വാങ്ങിച്ച ഭൂമി, ആ ഭൂമിയിൽനിന്ന് പാവപ്പെട്ട കുടിയാൻമാരെ ഇറക്കുന്ന ജോലിയാണ് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് നടത്തുന്നത്. അതിൽനിന്നും ഫോറസ്റ്റ് ഡിപ്പാർട്ട്

LIBRARY ARCHIVES Kerala Legislative Assembly

മെന്റിനെ പിൻതിരിപ്പിക്കുകയും അവിടത്തെ തൊഴിലാളികൾക്കെതിരായി പ്രവർത്തിക്കുന്ന പോലീസിനെ റൂബി എസ്റ്റേറ്റിലെ മരാട്ടുകുളത്തിന്റെ കയ്യേറ്റത്തെ തടയാൻവേണ്ടി വിനിയോഗിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ഡോ. കെ. സി. ജോസഫ്: സർ, ഈ പ്രമേയത്തിൽ അടങ്ങിയിരിക്കുന്ന ആശയത്തോട് ഞാൻ പരിപൂർണ്ണമായും യോജിക്കുകയാണ്. വർഷങ്ങൾക്കുമുമ്പ് ലക്ഷക്കണക്കിന് ഏക്കർ ഭൂമി ഗവൺമെന്റിൽ നിക്ഷിപ്തമായി. പല കാരണങ്ങൾകൊണ്ടും ഈ രാജ്യത്തെ അവശരനുഭവിക്കുന്ന ജനങ്ങൾക്ക് വിതരണം ചെയ്യാൻ ഉദ്ദേശിച്ചിരുന്ന ആ ഭൂമിയുടെ വിതരണത്തിൽ വളരെയധികം താമസം നേരിട്ടിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. ഈ ഭൂമി വിതരണം നടത്തുമ്പോൾ പല കാര്യങ്ങളും ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. ഇന്ന് ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാരെ വശപ്പെടുത്തിക്കൊണ്ട് അവരുടെ അറിവോടുകൂടി പല ഭാഗങ്ങളിലും വനഭൂമി കയ്യേറ്റം നടക്കുന്നുണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. നിലവിലുള്ള വനഭൂമിക്ക് സംരക്ഷണം ഏർപ്പെടുത്തുകയും അതിന്റെ യഥാർത്ഥ കണക്ക് ഉണ്ടാക്കുകയും കൃഷിഭൂമിയുടെ ഇടയിൽ തുണ്ടുതുണ്ടായി കിടക്കുന്ന വനഭൂമികൾകൊണ്ട് കൃഷിക്കാർക്കുണ്ടാകുന്ന ദോഷം ഒഴിവാക്കാൻ ഇത്തരം ഭൂമി ആദ്യം വിതരണം ചെയ്യുകയും ചെയ്യണം. ഉദാഹരണത്തിന് ഗവൺമെന്റിന്റെ വക കളക്ടീവ് ഫാം കൂത്താളിയിലുണ്ട്. അതിനു ചുറ്റും കിടക്കുന്ന ഫോറസ്റ്റിൽനിന്നും അവിടത്തെ ആളുകൾക്ക് അനുഭവിക്കേണ്ടിവന്ന യാതനകൾ, അവർ അവിടെ നട്ടുപിടിപ്പിച്ച കൃഷികൾ ഒന്നുപോലും ഫലപ്രദമാകാൻ കഴിഞ്ഞില്ല എന്ന യാഥാർത്ഥ്യം അംഗീകരിച്ചുകൊണ്ട് കൃഷിഭൂമിക്ക് നടുക്കുകിടക്കുന്ന വനഭൂമികൾ ആദ്യം കൃഷിക്കു വേണ്ടി വിട്ടുകൊടുക്കാനുള്ള ഒരു പദ്ധതി ഗവൺമെന്റ് ആസൂത്രണം ചെയ്യേണ്ടതായിട്ടുണ്ട്.

അതുപോലെതന്നെ ഇന്ന് അനവധി പാവപ്പെട്ട ഹരിജനങ്ങളും ആദിവാസികളും ഭൂരഹിതരായിട്ടുണ്ട്. അവർക്ക് ഒരു സമയബന്ധിത പരിപാടിയുടെ അടിസ്ഥാനത്തിൽ ഗവൺമെന്റിൽ നിക്ഷിപ്തമായിട്ടുള്ള സ്വകാര്യ വനഭൂമി വിതരണം ചെയ്തുകൊണ്ട് അവരെ സാമ്പത്തികമായി മുന്നോട്ടു കൊണ്ടുവരാനുള്ള നടപടി ഗവൺമെന്റ് എടുക്കണമെന്ന് അഭ്യർത്ഥിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഇതിന്റെ ആശയത്തോട് ഞാൻ ഒരിക്കൽക്കൂടി യോജിക്കുന്നു.

ശ്രീ. സി. എ. കുര്യൻ: സർ, ഞാൻ ഈ പ്രമേയത്തിന്റെ സ്പിരിറ്റിനോട് യോജിക്കുകയാണ്. ഈ പ്രമേയത്തിൽ നിയമപ്രകാരം സർക്കാർ ഏറ്റെടുത്തിട്ടുള്ള വനഭൂമി എന്നാണ് പറയുന്നത്. ഞാൻ ഓർക്കുകയാണ് ശ്രീ. പി. എസ്. ശ്രീനിവാസനായിരുന്നു അന്ന് ഫോറസ്റ്റ് മിനിസ്റ്റർ. മലബാറിലെ സ്വകാര്യ വനങ്ങൾ നഷ്ടപരിഹാരം കൂടാതെ ഏറ്റെടുക്കുന്നതിനുവേണ്ടി അന്നത്തെ ഗവൺമെന്റ് തീരുമാനിച്ചപ്പോൾ വിദേശ കമ്പനികളുടെ കണ്ണൻ ദേവൻ കമ്പനിയുടെ ലക്ഷക്കണക്കിനേക്കർ ഭൂമി ഒരു പൈസപോലും നഷ്ടപരിഹാരം കൊടുക്കാതെ ഗവൺമെന്റ് ഏറ്റെടുത്തപ്പോൾ പ്രതിപക്ഷത്തിരുന്ന മാർക്സിസ്റ്റ് നേതാക്കൻമാരും മറ്റു പലരും അന്നു പറഞ്ഞിരുന്നു, അന്നത്തെ ഭരണഘടനയനുസരിച്ച് നഷ്ടപരിഹാരം കൊടുക്കാതെ നിർവാഹമില്ലെന്നും ഫലത്തിൽ ഈ വനഭൂമികൾ ദേശസാൽക്കരിക്കുന്നതിന്റെ പിന്നിലുള്ള ഉദ്ദേശം സ്വകാര്യ വനഭൂമികളുടെ ഉടമസ്ഥർക്കും വിദേശ കമ്പനികൾക്കും കണ്ണൻ ദേവൻ കമ്പനിക്കും

LIBRARY ARCHIVES Kerala Legislative Assembly

ഖജനാവിലെ പണം നഷ്ടപരിഹാരമായി കൊടുക്കുന്നതിനുള്ള ഒരു സംവിധാനം ഉണ്ടാക്കുകയാണെന്നും. ഏതായാലും പ്രമേയം അവതരിപ്പിച്ചുകൊണ്ട് 12 Noon] സഖാവ് ചന്ദ്രശേഖരക്കുറുപ്പ് സംസാരിച്ച അവസരത്തിൽ തന്നു കേരളത്തിലെ ഐക്യമുന്നണി ഗവൺമെൻറ് നഷ്ടപരിഹാരം കൊടുക്കാതെ ഏറെറടുത്ത നടപടി ശരിയാണെന്നു സുപ്രീംകോടതി അംഗീകരിച്ച വസ്തുത ചൂണ്ടിക്കാണിച്ചു. ഞാനിതു പറയാൻ കാരണമുണ്ട് ഈ രാജ്യത്തെ പാവപ്പെട്ടവരുടെ നന്മക്കുവേണ്ടി ഭൂമിയില്ലാത്ത കർഷകത്തൊഴിലാളികൾക്കും ഹരിജനങ്ങൾക്കും വേണ്ടി, അവർക്കു ഭൂമി നൽകണമെന്നുള്ള നല്ല ഉദ്ദേശത്തിൽകൊണ്ടുവന്ന ഒരു നിയമനിർമ്മാണമായിരുന്നു അത്. ആ നിയമ നിർമ്മാണത്തെപ്പോലും ഈ രാജ്യത്തെ വൻകിട മുതലാളിമാരുടെ താൽപര്യത്തിനുവേണ്ടിയാണ് ഗവൺമെൻറു കൊണ്ടുവന്നതെന്ന് പറഞ്ഞത് തെറ്റാണെന്ന് ഇന്നവർ പരസ്യമായി സമ്മതിച്ചതിൽ എനിക്കു പ്രത്യേകമായ സന്തോഷമുണ്ട്.

സർ, ഈ നിക്ഷിപ്ത വനഭൂമി ഏറെറടുക്കുന്ന അവസരത്തിൽ ഇവിടെ സർക്കാരിൻെറ കണക്കനുസരിച്ച് വനംമാത്രമേ ഉണ്ടായിരുന്നുള്ളു, പക്ഷേ യഥാർത്ഥ്യം അതിനു മുമ്പുതന്നെ പാവപ്പെട്ട ആയിരക്കണക്കിനാളുകൾ ആ വനഭൂമിയിൽകയറി താമസിച്ചിരുന്നു എന്നുള്ളതാണ്. അവിടെ ചെറിയ ഗ്രാമങ്ങളുണ്ടായിരുന്നു, ചെറിയ പട്ടണങ്ങളുണ്ടായിരുന്നു. അതെല്ലാം സർക്കാരിൻെറ കണക്കനുസരിച്ച് വനമാണ്. അതുകൊണ്ട് നിക്ഷിപ്ത വനഭൂമി ഏറെറടുക്കുന്നതിനുമുമ്പ് നിയമപരമായ നൂലാമാലകളിൽ പിടിച്ചുനിൽക്കാതെ കൈവശകൃഷിക്കാരായ ആളുകളുടെ താൽപര്യത്തിനു കോട്ടം വരാതെ അവരുടെ താൽപര്യങ്ങൾ പരിരക്ഷിക്കുവാൻ ഗവൺമെൻറ് ശ്രദ്ധിക്കണം. ഈ ഭൂമിയെ സംബന്ധിച്ചിടത്തോളം അതു പ്ലാൻേഷനു കൊണ്ടുവരാവുന്നതാണ്. എന്നാൽ ഈ രാജ്യത്ത് ഭൂമി കിട്ടുന്നവരെല്ലാം ഒരേക്കറും രണ്ടേക്കറും കൊടുത്തു കഴിഞ്ഞാൽ ഇട്ടച്ചു പാകുമെന്നു പറയുന്നുണ്ട്. അതു കുറെയെല്ലാം ശരിയാണ്. ഈ രാജ്യത്ത് ഭൂമിയില്ലാത്ത കുറെയാളുകളുണ്ട്. അവരിൽനിന്നും അപേക്ഷകൾ സ്വീകരിച്ച് അർഹതപ്പെട്ട ആളുകൾക്കു കൊടുക്കണം. ഒന്നും രണ്ടും ഏക്കർ കൊടുക്കാൻ സാദ്ധ്യമല്ല. ഒരു കുടുംബംപോയി ജീവിച്ചാൽ ആ ഭൂമിയിൽനിന്നു കിട്ടുന്ന ഉൽപ്പന്നങ്ങൾകൊണ്ട് ആ കുടുംബത്തിനു ജീവിതത്തിനു നിലയിൽ ഭൂമി കൊടുക്കണം. അതുകൊണ്ട് കുറെ ഭൂമി അടിയന്തിരമായും വിതരണം ചെയ്യണം. കൃഷിക്കുപയുക്തമായ ഭൂമി കൊടുത്ത് ഈ രാജ്യത്തെ ലക്ഷക്കണക്കിനാളുകൾക്ക് പുതുതായി ജോലിയുണ്ടാക്കാൻ കഴിയുന്ന നിലയിലുള്ള നടപടി ഗവൺമെൻറിൻെറ ഭാഗത്തുനിന്നുണ്ടാവണം. ഈ നിയമം കൊണ്ടുവന്ന ഗവൺമെൻറിനെ ഞാൻ അനുമോദിക്കുന്നു. ആ നിയമത്തിൻെറ അടിസ്ഥാനത്തിൽ അനുഭവിക്കേണ്ട ആളുകൾക്കു അനുഭവം എത്തിച്ചുകൊടുക്കുന്ന രീതിയിൽ ഗവൺമെൻറ് സത്വര നടപടികൾ സ്വീകരിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഞാൻ ഈ പ്രമേയത്തിനു സ്പിരിറിനോട് യോജിക്കുന്നു.

വനവ്യൂവും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. ബേബിജോൺ):

സർ, ഈ പ്രമേയത്തിൽ കൃഷിക്കുപയുക്തമായ വനഭൂമി വളരെ വേഗം വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പറഞ്ഞിരുന്നുവെങ്കിൽ ഞാൻ ചിലപ്പോൾ അതംഗീകരിക്കുമായിരുന്നു. പക്ഷേ ഗവൺമെൻറ് കുറെകൂടി അനാസ്ഥ കാണിക്കുന്നു, അതിൽ പ്രതിഷേധിക്കുന്നു. ആറുമാസത്തിനകം വിതരണംചെയ്യണം എന്നെല്ലാമാണ് പ്രമേയത്തിൽ പറഞ്ഞിരിക്കുന്നത്. വസ്തുതകൾ പൂർണ്ണമായും

LIBRARY ARCHIVES Kerala Legislative Assembly

മനസ്സിലാക്കാതെയാണ് ഇങ്ങനെ പറയുന്നതെന്നാണ് എനിക്കു തോന്നുന്നത്. സർ, ഇൻഡ്യയ്ക്കാകമാനം നേതൃത്വം കൊടുക്കത്തക്ക രീതിയിലാണ് കണ്ണൻ ദേവൻ കമ്പനിയുടെ അധീനതയിലുണ്ടായിരുന്ന ഭൂമിയും സ്വകാര്യ വനഭൂമിയും പ്രതിഫലം കൊടുക്കാതെ എടുക്കുകയെന്ന ചിന്താഗതിയോടുകൂടി ഒരു നിയമനിർമ്മാണം നടത്തിയത്. കേരളാ പ്രൈവറ്റ് ഫോറസ്റ്റ് വെസ്റ്റിംഗ് ആൻറ് അസൈൻമെൻറ് ആക്ട് 1971 മേയ് മാസം 10-ാം തീയതി പ്രാബല്യത്തിൽ വരത്തക്കവണ്ണമാണ് പാസ്സാക്കിയത്. പക്ഷേ ഹൈക്കോടതിയിൽ അതു ചലഞ്ചു ചെയ്തു, ഭരണഘടനാവിരുദ്ധമാണെന്ന് പറഞ്ഞു ഹൈക്കോടതി സ്റ്റേ ഡൗൺ ചെയ്തു. അതിനുശേഷം സുപ്രീംകോടതിയിൽ ഗവൺമെൻറ് അപ്പീൽ പോയി. 1973-ലെ അഗ്രേറിയൻ റിഫോംസിൻെറ ഭാഗമാണെന്ന നിലയിൽ സുപ്രീംകോടതി നമ്മുടെ നിയമത്തെ അപ്ഹോൾഡ് ചെയ്തു. അതിനുശേഷം മാത്രമാണ് ഈ നിയമത്തെ സംബന്ധിച്ച് ഫലപ്രദമായി എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ സാധിക്കുന്നത്. 1971-ൽ പാസ്സാക്കിയെങ്കിലും സുപ്രീംകോടതി വിധിവന്നതിനുശേഷം മാത്രമേ ആ രംഗത്തു എന്തെങ്കിലും നമുക്കു പ്രവർത്തിക്കുവാൻ സാധിക്കുമായിരുന്നുള്ളുവെന്ന വസ്തുത എല്ലാവർക്കുമറിയാം. സുപ്രീംകോടതിവിധി നമുക്കനുകൂലമായി വന്നപ്പോഴാണ് ഈ ഭൂമിയെല്ലാം ഗവൺമെൻറിൽ നിക്ഷിപ്തമായി. ഉടനടി മറ്റു നടപടി സ്വീകരിച്ചു. ഒരു പഠനം നടത്താതെ, അതിനാവശ്യമായ റൂംസ് ഉണ്ടാക്കാതെ എതെല്ലാം ഭൂമി പതിച്ചുകൊടുക്കണം ഏതേതു ഭൂമി റിസർവ് ചെയ്യണമെന്നുള്ളതിനെ സംബന്ധിച്ച് ഒരു പഠനം നടത്താതെ പതിച്ചുകൊടുക്കുന്നതു ശരിയല്ല. 1974-ൽ ആവശ്യമായ റൂംസ് ഉണ്ടാക്കി. റൂംസ് ഉണ്ടായശേഷം അതിൻെറ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ഒരു കമ്മിറ്റിയെ നിയമിച്ചു. ആ കമ്മിറ്റി സമഗ്രമായ ഒരു പഠനം നടത്തി. എന്തുമാത്രം ഭൂമി പതിച്ചുകൊടുക്കണം, അഗ്രിക്കൾച്ചറിനുവേണ്ടി, കമ്മ്യൂണിക്കേഷനുവേണ്ടി ഇറിഗേഷനുവേണ്ടി, ഫോറസ്റ്റ് നിലനിർത്തുന്നതിനുവേണ്ടി എത്രമാത്രം ഉണ്ട് എന്നെല്ലാം പഠിച്ച ഒരു റിപ്പോർട്ട് സമർപ്പിക്കുവാൻ ഗവൺമെൻറ് ഒരു കമ്മിറ്റിയെ നിയമിച്ചു. ആ കമ്മിറ്റി 1975-ൽ അതിൻെറ റിപ്പോർട്ട് തന്നു. അതിൽ 1,69,411 ഹെക്ടർ ഭൂമിയാണ് ഗവൺമെൻറിൽ നിക്ഷിപ്തമായത് ഈ നിയമപ്രകാരം എന്നാണ് പറഞ്ഞിരിക്കുന്നത്. അന്നും ഈ സർവേ നടന്നിട്ടില്ല. സർവേ പൂർണ്ണമായിട്ടില്ല. പുതിയ സർവേ നടന്നപ്പോഴാം 31-12-78 വരെയുള്ള സർവേ അനുസരിച്ചു കിട്ടിയ വിവരം അനുസരിച്ച് 1,97,569 ഹെക്ടർ ഭൂമി ഗവൺമെൻറിൽ നിക്ഷിപ്തമായിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. സർ, ഇതിൽ പല തർക്കങ്ങളും ഉണ്ടായിരുന്നു. ബഹുമാനപ്പെട്ട ആര്യാടൻമുഹമ്മദ് പറഞ്ഞതുപോലെ പല തർക്കങ്ങളുമുണ്ടായിരുന്നു. 1971 മേയ് 10-ാം തീയതിക്കുമുമ്പ് ഏതെങ്കിലും രീതിയിൽ കൃഷി ചെയ്തിട്ടുള്ള ആളുകളുണ്ടെങ്കിൽ അവരെ ഇതിൽനിന്നും ഒഴിവാക്കിയിരുന്നു. കൃഷി ചെയ്തിട്ടില്ല, അതു സ്വകാര്യ വനമാണെന്ന് ഡിപ്പാർട്ടുമെൻറും കൃഷി ചെയ്തിട്ടുള്ളതാണെന്നു മറുവശവും അങ്ങനെയുള്ളതർക്കം വന്നു. ആ തർക്കത്തിനു പരിഹാരം കാണാൻ ഫോറസ്റ്റ് ട്രിബ്യൂണൽസ് ഉണ്ടാക്കിയിട്ടുണ്ട്. ആ ട്രിബ്യൂണൽസ് തന്നെ 1309 ഹെക്ടർ ഭൂമി ഗവൺമെൻറിൽ നിക്ഷിപ്തമായത് മടക്കികൊടുക്കണമെന്ന് ഇതേവരെ തീരുമാനമായിട്ടുണ്ട്. ഇനിയും ധാരാളം കേസുകളും അവിടെ പെൻഡിംഗ് ഉണ്ട്. നല്ലൊരുഭാഗം അപ്പീലാം ഇങ്ങനെയുള്ള കേസുകളിൽ ഇൻവോംവ്ഡ് ആണ്. അതിനു തീരുമാനമാകാതെ നടപടി സ്വീകരിക്കുവാൻ ഒക്കുകയില്ല.

ശ്രീ. എ. പി. കുര്യൻ: അതിൻെറ എക്സ്റ്റൻഡ് എത്രവരും ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബിജോൺ: പൂർണ്ണമായ കണക്കില്ല. നല്ലൊരു ഭാഗം ഉണ്ടെന്നു മാത്രമേയുള്ളൂ. അതുപോലെതന്നെ കുറെ കൈയേറ്റം ഉണ്ടായിട്ടുണ്ട്. ഈ പറഞ്ഞ രീതിയിൽ സംഘടിതമായ തോതിൽ മലബാർ പ്രദേശത്തു കയ്യേറ്റം തുടർന്നുകൊണ്ടിരിക്കുന്നു എന്നു ഗവൺമെന്റിനഭിപ്രായമില്ല. തിരുവിതാംകൂർ പ്രദേശത്തും കൊച്ചിയിലും എല്ലാം സംഘടിതമായ കയ്യേറ്റം ഇപ്പോഴുമുണ്ട്.

മലബാർ പ്രദേശത്തു അത്ര സംഘടിതമായ, വ്യാപകമായ കയ്യേറ്റം ഇല്ല. എങ്കിലും കുറച്ചു കയ്യേറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് അക്കാര്യത്തിൽ ഗവൺമെന്റിന് ഒരു നയ രൂപവൽക്കരണം വേണം; ഇപ്പോൾ തന്നെ ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞു, പലരും ഒഴിപ്പിക്കണമെന്നു പറയും, ചിലർ പതിച്ചുകൊടുക്കണമെന്നു പറയും, എന്തിന് കയ്യേറ്റം അനുവദിക്കുന്നു എന്ന് കയ്യേറ്റം ഒഴിപ്പിക്കാൻ ശ്രമിച്ചാൽ എന്തിനു ഒഴിപ്പിക്കുന്നു. അതൊക്കെ ക്രൂരമാണ് എന്നൊക്കെ പറയും, അങ്ങനെയുള്ള ബുദ്ധിമുട്ടുകൾ എല്ലായുണ്ട്. അതുപോലെ കുറച്ചുഭൂമി വയനാടു പ്രദേശങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ കൈവശം ഇരിക്കുകയാണ്. വേറെക്കൂടുതലൊന്നും ഇല്ല. സർ, അതേസംബന്ധിച്ചൊക്കെ എന്തു ചെയ്യണം? പക്ഷേ അവർക്ക് പതിച്ചുകൊടുക്കണമെങ്കിൽ നേരത്തെ റൂംസിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന രീതിയിലേ ഒക്കൂ. റൂംസിൽ പറഞ്ഞിരിക്കുന്ന കാറ്റഗറിയിൽ അവർ വരികയാണെങ്കിലേ മക്കുകയുള്ളുതാനും. അതിന് നിയമത്തിൽ ഭേദഗതി ചെയ്യേണ്ടതായിട്ടുണ്ടോ എന്നതിനെ സംബന്ധിച്ച് ഒരു അവസാന തീരുമാനം എടുത്തിട്ടില്ല.

അതുപോലെതന്നെ സർവ്വെയുടെ കാര്യത്തിലൊക്കെത്തന്നെ അഭിപ്രായ വ്യത്യാസമുണ്ട്. നമുക്കൊക്കെ അറിയാവുന്ന ചില കാര്യങ്ങൾ ഉണ്ട്. ഇപ്പോൾ നമ്മുടെ സർവ്വെ ഫോറസ്റ്റ് മേപ്പിലോ റവന്യൂ മേപ്പിലോ പലതും വനപ്രദേശങ്ങളായി ഇന്നു കാണിക്കുന്നു. പട്ടണപ്രദേശങ്ങൾപോലെ ആളുകൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളുണ്ട്. അതിനെ സംബന്ധിച്ചൊക്കെ കണ്ണടച്ചു തീരുമാനമെടുക്കാൻ ഒക്കുകയില്ല. നാം കൈകാര്യം ചെയ്യുന്നത് മാനുഷിക പ്രശ്നങ്ങളാണ്. മനുഷ്യന്റെ ജീവിത പ്രശ്നങ്ങളാണ്. അവിടെ കണ്ണും അടച്ചുകൊണ്ട് ഇതെല്ലാം കണ്ടില്ല എന്നു കരുതി തീരുമാനം എടുക്കാൻ ഒക്കില്ല. സർ, അതിന് കാലതാമസം അൽപം ഉണ്ടായിട്ടുണ്ട്. ഇല്ല എന്നു ഞാൻ പറയുന്നില്ല. പക്ഷേ അനാസ്ഥകൊണ്ടാണ് ഈ കാലതാമസം എന്നു പറയുന്നതു ശരിയല്ല. പക്ഷേ ഗവൺമെന്റ് ഒരു തീരുമാനമെടുത്തു വളരെവേഗം ഈ ഭൂമി പതിച്ചുകൊടുക്കുന്നതിനുള്ള നടപടി എടുത്തിട്ടുണ്ട്. കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽതന്നെ മൂന്നിലൊന്നുഭാഗം പതിച്ചുകൊടുക്കാമെന്നാണ്. പൊതുവായി കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. പക്ഷേ നമുക്കറിയാം ഈ മൂന്നിലൊന്നുഭാഗം പതിച്ചുകൊടുക്കണമെന്നുള്ള തീരുമാനം വരുമ്പോൾ ഇതെല്ലാംകൂടി ഒരു ദിവസം പതിച്ചുകൊടുക്കാൻ സാധിക്കുകയില്ലായെന്ന്. വൃക്ഷങ്ങൾ ഉണ്ട് അവിടെ; വൃക്ഷങ്ങളോടുകൂടിയാണോ ഈ ആളുകൾക്ക് പതിച്ചുകൊടുക്കേണ്ടത്, അതോ ആ വൃക്ഷങ്ങൾ വെട്ടിമുറിച്ചിട്ടാണോ പതിച്ചുകൊടുക്കേണ്ടത്. വെട്ടിമാറ്റുന്ന അവസരത്തിൽ ഏകദേശം രണ്ടുലക്ഷം ഏക്കറിൽ നിന്ന് ഒരേസമയത്ത് വൃക്ഷങ്ങൾ വെട്ടിമുറിച്ച് കമ്പോളത്തിലെത്തുമ്പോൾ ഗവൺമെന്റിന് തടിവിലയിൽനിന്ന് കിട്ടാവുന്ന വരുമാനം കാര്യമായി കുറയില്ലേ; ഇതെല്ലാംകൂടി കണക്കിലെടുത്തുകൊണ്ട് മാത്രമേ നമുക്കു നടപടി സ്വീകരിക്കാനൊക്കൂ. പക്ഷേ ഗവൺമെന്റ് തീരുമാനം

LIBRARY ARCHIVES Kerala Legislative Assembly

എടുത്തത് മാർച്ച് 31-ാം തീയതിക്കുമുമ്പ് 10,000 ഹെക്ടർ പതിച്ചു കൊടുക്കണം എന്നായിരുന്നു. 10,000 ഹെക്ടർ ആയില്ല സർ; ഞാനതു സമ്മതിക്കുന്നു. പക്ഷേ ഗവൺമെന്റ് ആ വഴിക്ക് നീങ്ങിയിട്ടുണ്ട്.

ശ്രീ. എ. പി. കുര്യൻ: എത്ര പതിച്ചുകൊടുത്തു കഴിഞ്ഞു?

ശ്രീ. ബേബിജോൺ: ഞാൻ കണക്കുവായിക്കാം. ഇതേവരെ അലോട്ടുചെയ്തിട്ടുള്ളത് മൊത്തം 2,840 ആളുകൾക്കായി 5,195 ഹെക്ടർ ഭൂമിയാണ്. സർ, ഡിസ്ട്രിക്ട് തിരിച്ചുള്ള കണക്ക് ഞാൻ പറയാം. പാലക്കാട് അട്ടപ്പാടിജോയിന്റ് ഫാമിംഗ് സർവ്വീസ് സൊസൈറ്റിക്ക് 971. അത് ഗിരിവർഗ്ഗക്കാരാണ്. ഹൗസിംഗ് കോളനിക്ക് 13 ഹെക്ടർ, ഇൻഡിവിഡ്വൽ 419; അങ്ങനെ 1,403 ഹെക്ടർ അവിടെ അലോട്ടു ചെയ്തിട്ടുണ്ട്. ബെനിഫിഷറീസ് ഷെഡ്യൂൾഡ് കാസ്റ്റ് 15, ഷെഡ്യൂൾഡ് ട്രൈബ്സ് 199, ബാക്കിയുള്ളവർ 54. മലപ്പുറത്ത് അലോട്ടുചെയ്തിട്ടുള്ളത് ഇൻഡിവിഡ്വൽസിനു അസൈൻ ചെയ്തിട്ടുള്ളത് 842 ഹെക്ടർ, ബെനിഫിഷറീസ് ഷെഡ്യൂൾഡ് കാസ്റ്റ് 112, ഷെഡ്യൂൾഡ് ട്രൈബ്സ് 519, ബാക്കിയുള്ളവർ 446. കോഴിക്കോട് ജോയിന്റ് ഫാമിംഗ് സൊസൈറ്റിക്ക് കാർഡമം കൾട്ടിവേഷന് 1,500 ഹെക്ടർ. ഇൻഡിവിഡ്വൽസ് 1,855. അതിലെ ബെനിഫിഷറീസ് ഷെഡ്യൂൾഡ് കാസ്റ്റ് 105, ഷെഡ്യൂൾഡ് ട്രൈബ്സ് 621, ബാക്കിയുള്ളവർ 364. കണ്ണൂരും ഇതുപോലെതന്നെ. 727 ഹെക്ടർ അലോട്ടു ചെയ്തിട്ടുണ്ട്. ഷെഡ്യൂൾഡ് കാസ്റ്റ് 40, ഷെഡ്യൂൾഡ് ട്രൈബ്സ് 225, ബാക്കിയുള്ളവർ 100. അങ്ങനെ മൊത്തം ബെനിഫിഷറീസ് 2,840 ആണ്. അതിൽ ഷെഡ്യൂൾഡ് കാസ്റ്റ് 2272, ഷെഡ്യൂൾഡ് ട്രൈബ്സ് 1,604, ബാക്കിയുള്ളവർ 964.

ശ്രീ. എ. പി കുര്യൻ: സർ, ഈ അലോട്ടീസിനൊക്കെ ഭൂമി കൈവശപ്പെടുത്തി കൊടുത്തു കഴിഞ്ഞോ? അതോ അതിനു വീണ്ടും സമയം എടുക്കുമോ?

ശ്രീ ബേബി ജോൺ: ഞാൻ അതിലേക്കാണ് വരുന്നത്. സർ, ഇപ്പോൾ തന്നെ എനിക്കു കിട്ടിയിരിക്കുന്ന റിപ്പോർട്ട് അനുസരിച്ച് പാലക്കാട് ഡിസ്ട്രിക്ടിൽ ഇനി 2,250 ഹെക്ടർ ഭൂമി, ഇപ്പോൾ അലോട്ടുചെയ്തിട്ടുള്ളതിനു പുറമെ, അലോട്ടുചെയ്യേണ്ടതായിട്ടുണ്ട്. അത് കമ്മിറ്റി റെക്കമെന്റ് ചെയ്തിരിക്കുന്നത് ട്രൈബൽസിനു കൊടുക്കണമെന്നാണ്. ട്രൈബൽസിനെ അവിടെ കിട്ടുന്നില്ല.

ശ്രീ. എ. എ. റഹീം: അവിടെ ആളുകൾ ചെല്ലുമ്പോൾ വേറെ ആളുകൾ കൃഷി ചെയ്തിട്ടുണ്ടായിരുന്നോ?

ശ്രീ. ബേബിജോൺ: അങ്ങനെ അല്ല. ആളുകൾ ചെല്ലുമ്പോൾ അവിടെ കൃഷിചെയ്യാൻ സാധിക്കാത്തരീതിയിൽ മരങ്ങൾ പിടിച്ചിരിക്കുന്നു, എന്നുള്ളതാണ് ശരി.

ശ്രീ. എ. പി. കുര്യൻ: ഇപ്പോൾ അലോട്ടീസിന് എത്രപേർക്ക് എത്ര ഏക്കർ ഭൂമി ഇതിനകം കൈവശപ്പെടുത്തിക്കൊടുത്തു എന്നുള്ള കണക്ക് ഒന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബിജോൺ: സർ, അതിന്റെ വ്യക്തമായ കണക്ക് എന്റെ കൈവശമില്ല. ഏതായാലും അട്ടപ്പാടി ജോയിന്റ് ഫാമിംഗ് സൊസൈറ്റിക്ക് ഉള്ളതും കണ്ണൂർ ജോയിന്റ് ഫാമിംഗ് സൊസൈറ്റിക്കുള്ളതും തീർച്ചയായും ഉണ്ട്. ഇതിനകത്ത് മറച്ചുവയ്ക്കാൻ ഒന്നുമില്ല. 1,500-ഉം 950-ഉം. ചില സ്ഥലത്ത് ആളുകളെ ചെല്ലുന്നില്ല എന്നുള്ളതു നേരാണ്. ആ വസ്തുത നാം വിസ്മരിക്കരുത്. കയ്യേറ്റത്തെക്കുറിച്ച് നാം പറയുമ്പോൾ മലബാർ പ്രദേശത്ത് ഇങ്ങനെ വിതരണം ചെയ്യാനായിട്ടിരിക്കുന്ന ഭൂമിയിൽ ചിലർ ചെല്ലുന്നില്ല. എന്താകാര്യം? അതിന്റെ റൂൾസ് തീരെ ദരിദ്രരായിട്ടുള്ള ആളുകൾക്കാണ്; ചില പ്രത്യേക വിഭാഗത്തിനാണ്. അവിടെപോയി ജോലി ചെയ്തു ജീവിക്കാനുള്ള സാഹചര്യം ഇല്ലാത്തതുകൊണ്ട് ഗവൺമെന്റ് ഒരു ജോയിന്റ് ഫാമിംഗ് സൊസൈറ്റി ഉണ്ടാക്കാനാണ് ഉദ്ദേശിക്കുന്നത്. റൂൾസിൽ തന്നെ വ്യവസ്ഥയുണ്ട്, ഈ ഭൂമി കിട്ടുന്ന ആളുകൾ സൊസൈറ്റി അംഗങ്ങൾ ആകണമെന്ന്. സർ, ഈ പ്രവർത്തനം ത്വരിതപ്പെടുത്തുന്ന കാര്യത്തിൽ ഗവൺമെന്റ് ശ്രദ്ധിക്കുന്നതാണ്. ഒരു പ്ലാനില്ലാതെ ഇത് പതിച്ചുകൊടുക്കുകയോ മരങ്ങൾ വെട്ടിമാറ്റുകയോ ചെയ്യുന്നത് നമുക്കുതന്നെ ദോഷമായിരിക്കും. ഇപ്പോൾ തന്നെ ഗവൺമെന്റിന് മറ്റൊരു പരിപാടിയുണ്ട്; ഇൻഡസ്ട്രിയൽ റാ മെറ്റീരിയൽസ് കൃഷിചെയ്യിക്കുന്നതിനുവേണ്ടി. കാഷ്യൂ, ഷുഗർകെയിൻ ഇങ്ങനെയുള്ളത് ഗവൺമെന്റ് നേരിട്ടു നടത്തുന്നുണ്ട്. വിതരണം ചെയ്തു കൊടുക്കുന്ന ആളുകൾക്ക് ഒരു പാറ്റേൺ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആ വ്യവസ്ഥ അനുസരിച്ച് ആളുകളെക്കൊണ്ട് കൃഷിചെയ്യിക്കാൻ ഏർപ്പാടു ചെയ്യിക്കുന്നുണ്ട്. ഇപ്പോൾ വളരെ ജാഗ്രതയോടെ ഇത് നടക്കുന്നുണ്ട്. മറ്റു ചില ഭൂമികളെ സംബന്ധിച്ചാക്കെ ഇവിടെ പറഞ്ഞു. കയ്യേറ്റം എന്നൊക്കെ പറയുമ്പോൾ ഞാൻ ഈ സഭയിൽ ഒന്നിലധികം പ്രാവശ്യം പറഞ്ഞിട്ടുള്ളതാണ് ഇത് നടക്കുന്നുണ്ട്, പ്രത്യക്ഷമായോ പരോക്ഷമായോ ഈ സഭയിൽ ആർക്കെങ്കിലും അതിൽ നിന്ന് ഒഴിഞ്ഞു നിൽക്കാൻ സാധിക്കുകയില്ല. എല്ലാപേർക്കും അതിൽ പങ്കുണ്ട്. ആ സ്ഥിതിയിലാണ് നാം നിൽക്കുന്നതെന്നുള്ള സത്യം നാം അംഗീകരിക്കണം.

ബഹുമാനപ്പെട്ട റഹിം മിച്ചഭൂമി വിതരണത്തെക്കുറിച്ചു പറഞ്ഞു. ശരിയാണു സർ, അവിടെ കുറച്ചു ഭൂമി കൊടുത്തിട്ട് അലോട്ടു ചെയ്ത ആളുകളിൽനിന്ന് പൈസയും വാങ്ങി. ആ ഭൂമിയെ സംബന്ധിച്ച് ഡെപ്യൂട്ടി കളക്ടർ അന്വേഷിച്ചപ്പോൾ അത് വിതരണ യോഗ്യം ആണെന്നു പറഞ്ഞു. അതുകൊണ്ടാണ് അത് അലോട്ടു ചെയ്തത്. പക്ഷേ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് ഇത് ഫോറസ്റ്റ് ആണ് അതുകൊണ്ട് അത് വിതരണം ചെയ്യരുത് എന്നുപറഞ്ഞുകൊണ്ട് റവന്യൂ ഡിപ്പാർട്ടുമെന്റിനു എഴുതി.

ശ്രീ. എ. എ. റഹിം: സർ, പത്തു പതിനാലു ഏക്കർ സ്ഥലം വിലയ്ക്ക് വാങ്ങി കുറെ.....

ശ്രീ. ബേബിജോൺ: എനിക്ക് ആഗ്രഹമുണ്ട്. ബഹുമാനപ്പെട്ട റഹീമിന്റെ അഭിപ്രായം സ്വീകരിക്കാൻ. പക്ഷേ ഈ വക കാര്യങ്ങളിൽ ഗവൺമെന്റിന് ഉദ്യോഗസ്ഥൻമാരെ ആശ്രയിക്കേണ്ടിവരും. ബഹുമാനപ്പെട്ട റഹിമിന്റെ അഭിപ്രായം മനസ്സിൽവെച്ചുകൊണ്ടു തന്നെ ഞാൻ കളക്ടറോടു പോയി അന്വേഷിക്കാൻ പറഞ്ഞു. കളക്ടർ സ്ഥലം പോയി അന്വേഷിച്ചുകൊണ്ട്, അതു ഫോറസ്റ്റ് ആണ് ഇതു പതിച്ചു കൊടുക്കുന്നത്.....

അതു മാത്രവുമല്ല തമിഴ്നാട്ടിൽ കൂടിയേ വരാൻ വഴിയുള്ളു എന്നും പറഞ്ഞു. ഇത് അങ്ങനെ പതിച്ചുകൊടുത്താൽ ബാക്കിയുള്ള ഫാറസ്റ്റ് ഭൂമി ഇല്ലാതാകുമെന്നാണ് റിപ്പോർട്ട് കിട്ടിയിരിക്കുന്നത്. എങ്കിലും പിന്നെയുമുള്ള നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ ഇനിയും ഒരു പരിശോധന നടത്തണമെന്നുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇങ്ങനെ ഇരിക്കുന്നതുകൊണ്ടാണ് ഇതിനു കാലതാമസം വന്നത്. സർ, ഞാൻ നിറുത്തുകയാണ്. എന്റെ ആരോഗ്യത്തെക്കുറിച്ചും പ്രവർത്തന ശേഷിയെക്കുറിച്ചും എന്റെ സ്നേഹിതൻ റഹിം സഹതാപം പ്രകടിപ്പിച്ചതിൽ സന്തോഷം ഉണ്ട്. അദ്ദേഹത്തിനു പ്രായം എത്രയായാലും പ്രവർത്തന ശേഷിയിൽ ഒരു കുറവും വരികയില്ല. കായകൽപം ചികിൽസ വല്ലതും ഉണ്ടായിരിക്കും. ഇത്ര സ്നേഹം പ്രകടിപ്പിക്കുന്ന ആൾ അതൊന്നു പറഞ്ഞു തരേണ്ടയോ? ഏതായാലും എന്നോടുകാണിച്ച സ്നേഹത്തിന് നന്ദി പറയുന്നു

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഞാൻ പറഞ്ഞ പ്രധാനപ്പെട്ട കാര്യത്തിന് മറുപടിപറഞ്ഞില്ല. ഞാൻ അക്കാര്യം ചോദിക്കുകയാണ്. സർ, ഞാൻ വളരെ വ്യക്തമായ ഒരു ആരോപണം ആയിട്ടുവച്ചതാണ്.

ശ്രീ. ബേബിജോൺ: അന്വേഷിക്കാം.

ശ്രീ. ജി പി. മംഗലത്തുമഠം: കയ്യേറിയ വനഭൂമി പതിച്ചുകൊടുക്കുന്നതിന് ഗവൺമെന്റ് എടുത്തിരിക്കുന്ന മാനദണ്ഡം അനുസരിച്ച് അഗാധമായ കായലുകൾ കയ്യേറി പുരവെച്ചു താമസിക്കുന്ന ആളുകൾക്കു കൂടി പതിച്ചുകൊടുക്കാൻ ഈ മാനദണ്ഡം സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ എന്ന് ഒന്നു വിശദീകരിച്ചാൽ കൊള്ളാം.

ശ്രീ. ബേബിജോൺ: പതിച്ചുകൊടുക്കാവുന്നത് എല്ലാം നമുക്ക് പതിച്ചുകൊടുക്കാം.

(Mr Dy. Speaker in the chair)

The amendment moved by Shri A. P. Kurian was, by leave, withdrawn.

The amendment moved by Shri P. R. Sivan was, by leave, withdrawn.

The amendment moved by Shri A. A. Rahim was, by leave, withdrawn.

The amendment moved by Shri Cyriac John was, by leave, withdrawn.

The resolution moved by Shri N. Chandrasekhara Kurup was, put and lost.

LIBRARY ARCHIVES Kerala Legislative Assembly